N E R V E E D H I
Volume - 15, Issue - 04, 10th April 2026, Monthly, Published at Kottayam
വാല്യം - 15, ലക്കം - 04, 10 ഏപ്രിൽ 2026 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## ജീവിതം സ്രഷ്ടാവിനെ ഭരമേൽപ്പിക്കുക

പേജ് 4

Editorial

# കഷ്ടതയുടെ അകപ്പൊരുൾ

നമ്മുടെ ജീവിതം ദൈവവചനാനുസരണവും ദൈവഹിതത്തിനൊത്തവണ്ണവും നയിക്കുന്നതിലാണ് ദൈവം പ്രസാദിക്കുന്നത്. 'നിന്റെ വഴി ദൈവത്തെ ഭരമേല്പിക്കുക' എന്നതിന്റെ അർത്ഥവും മറ്റൊന്നല്ല. 'ഞാൻ തന്നെ വഴിയും സത്യവും ജീവനും' ആകുന്നുവെന്ന് യേശുകർത്താവ് അസന്നിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാൽ ദൈവത്തിൽ ഭരമേല്പിച്ച ഒരുവന്റെ വഴി അഥവാ ജീവിതം യേശു പോയ വഴി തന്നെയാണ്. ജീവിതത്തിന്റെ സമസ്തതലങ്ങളിലും എങ്ങനെ പെരുമാറുകയും പ്രതികരിക്കുകയും ഇടപെടുകയും ചെയ്യണം എന്ന് നമ്മെ പഠിപ്പിക്കുന്ന മാതൃകാജീവിതമായിരുന്നു യേശുകർത്താവ് നയിച്ചത്. നാം കടന്നു പോകുവാൻ സാധ്യതയുള്ള എല്ലാ പ്രതിസന്ധികളിലൂടെയും യേശു കടന്നുപോയിട്ടുണ്ട്. നമ്മുടെ വേദനകളും ആകുലങ്ങളും താൻ മനസ്സിലാക്കുന്നു എന്ന ബോധ്യം നമുക്കുണ്ടാകുന്നു എങ്കിൽ അത് ആശ്വാസം പകരുന്നതാണ്. ജീവങ്കലേക്കുള്ള പാത ഇടുക്കവും ഞെരുക്കവും ഉള്ളതാണെന്നും, അനേക കഷ്ടങ്ങളിലൂടെ ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു എന്നും വ്യക്തമായ മുന്നറിയിപ്പ് വചനം നൽകുന്നുണ്ട്. ആകയാൽ ക്രിസ്തീയജീവിതം പട്ടുമെത്ത സമാനമാണെന്ന ചിന്തപോലും വചനവിരുദ്ധമാണ്.

വചനവിരുദ്ധമായി സ്വന്ത ഇഷ്ടങ്ങൾക്കും താല്പര്യങ്ങൾക്കും വിധേയമായി ജീവിതം നയിക്കുന്നത് പലപ്പോഴും വിനാശത്തിലായിരിക്കും കലാശിക്കുക. 'ഒരു വഴി മനുഷ്യന് ചൊവ്വായി തോന്നുന്നു എങ്കിലും അതിന്റ അവസാനമോ മരണവഴികളത്രെ' എന്ന് തിരുവചനം മുന്നറിയിപ്പ് നൽകുന്നു. 'ഒരു വഴി' എന്ന് ഏകവചനത്തിലാരംഭിക്കുന്ന വാക്യം 'മരണവഴികൾ' എന്ന ബഹുവചനത്തിലാണ് അവസാനിക്കുന്നത് എന്നത് ജീവിതാന്ത്യത്തിന്റെ ഭീകരതയെ സൂചിപ്പിക്കുന്നു. ദൈവഹിതപ്രകാരമുള്ള വഴികളിൽ, നമ്മുടെ രൂപാന്തരത്തിനായുള്ള ദൈവിക പ്രവൃത്തികൾ കഷ്ടവും ക്ലേശവുമായി നമുക്ക് അനുഭവപ്പെടും. എങ്കിലും, അത് ശുഭപര്യവസായി ആയിരിക്കും. പ്രതിസന്ധികൾ ദൈവം അനുവദിക്കുന്നത് നമ്മെ തകർക്കുവാനല്ല, മറിച്ച് ദൈവം നമ്മിൽ വരുത്തണം എന്നാഗ്രഹിക്കുന്ന രൂപാന്തരപ്രക്രിയയുടെ ഭാഗമാണ്. അതായത് ക്രിസ്തുവിനോട് അനുരൂപരായി, തന്റെ ദിവ്യസ്വഭാവത്തിന്റെ പരിമളം പകരുന്നവരായി, നാം ഓരോരുത്തരും പരിണമിക്കണം എന്നതാണ് കഷ്ടതയുടെ അകപ്പൊരുൾ! ജീവിതം ദൈവകരങ്ങളിൽ ഭരമേൽപ്പിച്ച്, ഭാരമില്ലാതെ, സന്തോഷവും സമാധാനവും നിറഞ്ഞവരായി ആത്മികതയിൽ മുന്നേറണം എന്ന് പ്രബോധിപ്പിക്കുന്നതാണ് ഈ ലക്കത്തിലെ സന്ദേശം.

കാല ലക്ഷണങ്ങളെ തിരുവചന വെളിച്ചത്തിൽ വിവേചിക്കുമ്പോൾ കർത്താവ് അടുക്കൽ, വാതിൽക്കൽത്തന്നെ ആയിരിക്കുന്നു എന്ന് മനസ്സിലാക്കാം. ജീവിതത്തിൽ എല്ലാ മേഖലകളിലും ശുദ്ധീകരണം പ്രാപിച്ച്, ബുദ്ധിയുള്ള കന്യകമാരെപ്പോലെ ജാഗ്രതയുള്ളവരായിരിക്കേണ്ട കാലഘട്ടമാണിതെന്നു മനസ്സിലാക്കുക. എല്ലാ ലേഖനങ്ങളും ശ്രദ്ധയോടെ വായിച്ച് ആത്മികവർദ്ധന പ്രാപിക്കുവാൻ പ്രബോധിപ്പിച്ചു കൊണ്ട് ഈ ലക്കം മാസിക പ്രാർത്ഥനയോടെ പ്രിയ വായനക്കാർക്കായി സമർപ്പിക്കുന്നു.

പുസ്തകം 15 ലക്കം 4
ഏപ്രിൽ 2026

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription Rs. 350.00
Cover : Google Photos

**ജീവിതം സ്രഷ്ടാവിനെ ഭരമേൽപ്പിക്കുക** 4
ജോയ് എം. തോമസ്

**കൃപ കളഞ്ഞുകുളിച്ചാൽ...** 7
സാജു മാത്യു

**വിശ്വാസത്തിന്റെ സാക്ഷികൾ** 9
ചെയ്സ് ജോസഫ്

**തണൽമരങ്ങൾ** 11
ബെഞ്ചമിൻ വർഗീസ്

**ആത്മീയ ശിക്ഷണത്തിലൂടെ ദൈവരാജ്യം...** 14
ഫ്രാൻസിസ് ഫ്രാങ്കിപ്പെൻ

**കൗൺസലിംഗ് വീഥി** 16
അനു ഗ്രേസ് ചാക്കോ

**ഏകസത്യ ദൈവത്തെ അനുഭവിച്ചറിയുക** 18
ലിൻഡ മറിയം തോമസ്

**എന്തുകൊണ്ട് പ്രവൃത്തിയാൽ അസാധ്യം...?** 20
വാച്ച്മാൻ നീ

**മരം എന്ന രൂപകം** 22
സുജ വിനു

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താവീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം തോമസ്

# ജീവിതം സ്രഷ്ടാവിനെ ഭരമേൽപ്പിക്കുക

**എ**ന്റെ ജീവിതം എനിക്ക് ഇഷ്ടമുള്ളതുപോലെ ജീവിക്കും എന്ന ചിന്താഗതിയാണ് ഇന്ന് പരക്കെ പ്രബലപ്പെട്ടിരിക്കുന്നത്. പാപത്തിന്റെ അടിസ്ഥാനസ്വഭാവമാണ് ഈ ചിന്താഗതിയിൽ വെളിപ്പെട്ടിരിക്കുന്നത്. സ്വന്തം ഇഷ്ടങ്ങൾ നിവർത്തിച്ചു ജീവിക്കുന്നതാണ് സ്വാതന്ത്ര്യം എന്നും അവർ കരുതുന്നു. പക്ഷേ, അതിന്റെ ഫലം ഗുണകരമായി കാണുന്നില്ല. എനിക്ക് ഒരു സ്രഷ്ടാവ് ഉണ്ടെന്നും, എന്റെ ആയുസ്സും ആരോഗ്യവും ഞാൻ അനുഭവിക്കുന്നത് എല്ലാം അവിടുത്തെ ദാനമാണെന്നും, എന്റെ സ്രഷ്ടാവിന് എന്നെക്കുറിച്ച് ശ്രേഷ്ഠമായ ഒരു പദ്ധതിയും ഉദ്ദേശ്യവും ഉണ്ടെന്നും തിരിച്ചറിയുന്നതാണ് യഥാർത്ഥ സുബോധം.

സ്രഷ്ടാവായ ദൈവത്തിന്റെ കരത്തിൽ നമ്മെത്തന്നെ സമർപ്പിക്കുമ്പോഴാണ് നാം ദൈവഹിതപ്രകാരം ജീവിക്കുവാൻ പ്രാപ്തരാകുന്നത്. സ്രഷ്ടാവിനെ കൂടാതെ സൃഷ്ടിക്ക് അസ്തിത്വം ഇല്ലല്ലോ. എത്രമാത്രം നാം നമ്മെ ദൈവത്തിനുപയോഗിക്കാൻ ഏൽപ്പിച്ചു കൊടുക്കും എന്നതാണ് നമ്മുടെ ജീവിതത്തിന്റെ അർത്ഥവും വിജയവും നിശ്ചയിക്കുന്നത്. സ്വന്ത പരാജയത്തിന് നാം സാഹചര്യങ്ങളെയാണ് പഴിചാരാറുള്ളത്; എന്നാൽ നമ്മുടെ സമർപ്പണത്തിന്റെ അഭാവമാണ് പരാജയത്തിന്റെ പ്രധാന കാരണം.

സങ്കീർത്തനങ്ങൾ 37:4,5 വാക്യങ്ങളിൽ ദൈവം തന്റെ ആലോചന നൽകിയിരിക്കുന്നു. 'യഹോവയിൽ തന്നെ രസിച്ചു കൊള്ളുക, അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്ക് തരും. നിന്റെ വഴി യഹോവയെ ഭരമേൽപ്പിക്കുക, അവനിൽ തന്നെ ആശ്രയിക്കുക അവൻ അത് നിർവ്വഹിക്കും'.

ഈ വാക്യങ്ങളിൽ കാണുന്ന 'യഹോവയിൽ തന്നെ' എന്ന പദപ്രയോഗം വളരെ അർത്ഥവത്താണ്. ദൈവത്തിൽ പൂർണ്ണമായും കേന്ദ്രീകൃതമായിരിക്കണം നമ്മുടെ ജീവിതം എന്ന് അത് അർത്ഥമാക്കുന്നു. സ്രഷ്ടാവായ ദൈവത്തോടുള്ള പൂർണ്ണ വിധേയത്വവും, നന്ദിയും സ്നേഹവും, ജീവിതത്തെ ശരിയായ ദിശയിലാക്കുകയും വിജയത്തിൽ എത്തിക്കുകയും ചെയ്യും. ദൈവം നമുക്ക് ദാനമായി നൽകിയ സ്വതന്ത്ര ഇച്ഛാശക്തി ഉടയവനും സ്രഷ്ടാവുമായ ദൈവത്തോട് മത്സരിക്കുവാൻ അല്ല, പ്രത്യുത, അനുസരിക്കുവാൻ ആണ് ഉപയോഗപ്പെടുത്തേണ്ടത്. ദൈവത്തെ ദൈവം എന്ന് അറിഞ്ഞ് പൂർണ്ണമനസ്സോടെ സ്നേഹിക്കുകയും, നന്ദി കാണിക്കുകയും അനുസരിക്കുകയും വേണം. ഈ തെരഞ്ഞെടുപ്പ് ആണ് ജീവിതത്തെ നേർവഴിയിലേക്ക്

തിരിക്കുന്നതും ജീവിതത്തിന് ലക്ഷ്യവും അർത്ഥവും നൽകുന്നതും.

ദൈവവിശ്വാസികൾ ഒരു ശരാശരി നിലവാരത്തിൽ ജീവിച്ചാൽ പോരാ. പ്രത്യുത, ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുകയും പൂർണ്ണഹൃദയത്തോടെ ദൈവത്തെ അന്വേഷിക്കുന്ന, അവിടുത്തെ ഹിതം അറിഞ്ഞ് പ്രവർത്തിക്കുവാൻ സമർപ്പിക്കപ്പെട്ടവരായിട്ടാണ് നാം ജീവിക്കേണ്ടത്. ഇപ്രകാരം ദൈവത്തിൽ തന്നെ ആശ്രയിക്കുന്നവർക്ക് രണ്ട് കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്.

**ഒന്ന്: യഹോവയിൽ തന്നെ രസിക്കുക.** ദൈവത്തോടുള്ള ഉറ്റആത്മബന്ധത്തിൽ ജീവിക്കുമ്പോഴാണ് ദൈവത്തെ ആസ്വദിക്കുന്ന അനുഭവം ഉളവാകുന്നത്. ജീവിതം അർത്ഥവത്താകുന്നത് ദൈവം നമ്മുടെ ആനന്ദമാകുമ്പോഴാണ്. ഇത് വെറും തത്വചിന്തയല്ല, അനുഭവിക്കുവാൻ കഴിയുന്ന യാഥാർത്ഥ്യമാണ്.

യഹോവയിൽ തന്നെ രസിക്കണമെങ്കിൽ നമ്മുടെ ഹൃദയം ദൈവത്തിൽ അത്രമാത്രം ഏകാഗ്രമാകണം എന്നതിന് തർക്കമില്ല. അതിനു നാം ചെയ്യേണ്ടത് എന്താണ്? നാം ചെയ്യേണ്ടത് ഒന്നു മാത്രം. അവിടുത്തെ സ്നേഹം നമ്മിലേക്ക് കൂടുതൽ കൂടുതൽ പകരുവാൻ നാം ദൈവത്തെ അനുവദിക്കുക. മനുഷ്യന്റെ പാപത്തിന് പരിഹാരം വരുത്തി, ശിക്ഷാവിധിയിൽ നിന്നും രക്ഷിക്കുവാൻ, ദൈവം മനുഷ്യനായി ജഡാവതാരം എടുത്ത് നമ്മുടെ ഓരോരുത്തരുടെയും പകരക്കാരനായി മരിച്ചതിലൂടെ, അളവില്ലാത്ത ദൈവസ്നേഹം തുറന്നു കാട്ടിയിരിക്കുന്നു. ആ ക്രിസ്തുവിനെ നാം മനസ്സിലാക്കുന്തോറും, അവിടുന്ന് നമ്മുടെ ഹൃദയത്തിൽ കർത്താവായി വാഴുവാൻ അനുവദിക്കുന്തോറും, നമ്മിലേക്ക് ദൈവസ്നേഹം അധികമധികമായി പ്രവഹിക്കപ്പെടുകയാണ്. അപ്പോൾ ദൈവത്തിലും ദൈവത്തിൽ മാത്രവും രസിക്കുന്ന, ആത്മീയ അനുഭവം നാം അറിഞ്ഞു തുടങ്ങുന്നു.

കർത്താവിൽ എപ്പോഴും സന്തോഷിക്കുന്ന ആത്മീയ അനുഭവം അപ്പോസ്തലനായ പൗലോസ് പങ്കിടുന്നു (ഫിലിപ്പിയർ 3:1, 4:4). എപ്പോഴും സന്തോഷിക്കുക എന്നത് തന്റെ മക്കളെക്കുറിച്ചുള്ള ദൈവഹിതമാണ്. ആ സന്തോഷം കർത്താവിലുള്ള സന്തോഷമാണ്. ക്രിസ്തുവിൽ അനുഭവിക്കുന്ന സന്തോഷമാണ്. ക്രിസ്തീയ ജീവിതത്തിന്റെശ്രേഷ്ഠത ഏത് പ്രതികൂലങ്ങളിലും, കഷ്ടങ്ങളിലും, ഏകാന്ത അവസ്ഥയിലും സന്തോഷിക്കുവാൻ കഴിയുന്ന ആത്മീയ അനുഭവം ആണ്. കാരണം ഏതുസാഹചര്യത്തിലും ക്രിസ്തുവിന്റെ സാന്നിധ്യം ക്രിസ്തുശിഷ്യന് അനുഭവിക്കുവാൻ കഴിയുന്നു. അത് അവനൊരു യാഥാർത്ഥ്യം ആണ്.

ലോകം തരുന്ന സന്തോഷം അനുകൂല ഘടകങ്ങളിലും സാഹചര്യങ്ങളിലും അധിഷ്ഠിതമായിരിക്കുന്നു. എന്നാൽ ക്രിസ്തുവിലുള്ള സന്തോഷം പ്രതികൂല സാഹചര്യങ്ങളിലും, കഷ്ടതകളുടെ മൂർദ്ധന്യാവസ്ഥയിലും നിലനിൽക്കുന്നതും, പ്രതികൂലങ്ങളെ തരണം ചെയ്യുവാൻ പ്രാപ്തി നൽകുന്നതും ആണ്. യഹോവയിൽ മാത്രം രസിക്കുന്നവർക്കുള്ള വാഗ്ദത്തമാണ് 'നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്ക് തരും' എന്നത്. എത്ര അനുഗ്രഹിക്കപ്പെട്ട അവസ്ഥ! ഹൃദയത്തിലെ ആഗ്രഹങ്ങൾ ലഭിക്കുമെന്ന ഉറപ്പ് ഭാവിയുടെ ഉറപ്പാണ്. പ്രത്യാശയുടെ സമൃദ്ധിയാണ് അവർക്ക് അനുഭവിക്കുവാൻ കഴിയുന്നത്. കർത്താവിൽ രസിക്കുന്നവർക്ക് കർത്താവിനോടൊപ്പം ഉള്ള നിത്യതയല്ലേ ആഗ്രഹിക്കുവാൻ കഴിയുന്നത്. 27 - ാം സങ്കീർത്തനം നാലാം വാക്യത്തിൽ പറയുന്നു: 'ഞാൻ യഹോവയോട് ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാൺമാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനും തന്നെ'.

**രണ്ട്: നിന്റെ വഴി യഹോവയെ ഭരമേൽപ്പിക്കുക.** വഴി എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് ജീവിതത്തെയാണ്. ആഗ്രഹങ്ങൾ, സ്വപ്നങ്ങൾ, പ്ലാനുകൾ, ചെയ്യേണ്ടുന്ന ദൗത്യങ്ങൾ, ഉത്തരവാദിത്തങ്ങൾ എല്ലാം ദൈവത്തെ ഭരമേൽപ്പിക്കുക. ജീവിതം പൂർണ്ണമായി സ്രഷ്ടാവായ ദൈവത്തെ ഭരമേല്പിച്ചവർ സമാധാനവും സുരക്ഷിതത്തവും അനുഭവിക്കും. സൃഷ്ടിയുടെ സുരക്ഷ സ്രഷ്ടാവിൽ മാത്രമല്ലേയുള്ളൂ? ഈ യാഥാർത്ഥ്യം എന്തു കൊ ണ്ട് നാം മനസ്സിലാക്കുന്നില്ല?

ഏൽപ്പിക്കുക എന്നാൽ, ദൈവകരങ്ങളിലേക്കു സമ്പൂർണ്ണമായി സമർപ്പിക്കുക എന്നാണ് അർത്ഥമാക്കുന്നത്. നമ്മുടെ ഇഷ്ടങ്ങളെ ദൈവത്തിന് സമർപ്പിച്ച് ദൈവത്തിന്റെ ഇഷ്ടങ്ങൾ മാത്രം നമ്മുടെ ജീവിതത്തിൽ നിറവേറ്റുവാൻ നാം നമ്മുടെ ജീവിതം ദൈവത്തിനു സമർപ്പിക്കുന്നു, അഥവാ വിട്ടുകൊടു

ക്കുന്നു. വിട്ടുകൊടുത്തിട്ട് അക്കാര്യങ്ങളെക്കുറിച്ച് വ്യാകുലപ്പെടരുത്, കാരണം ദൈവത്തിൽ ആശ്രയിക്കുക എന്നു നമ്മെ പ്രബോധിപ്പിച്ചിരിക്കുന്നു. ആശ്രയത്തിൽ 'കാത്തിരിപ്പും' 'വിശ്രമവും' ഉണ്ട്. നാം നമ്മുടെ വഴി, അഥവാ ജീവിതം ഭരമേൽപ്പിച്ചിരിക്കുന്നത് അതിന്റെ ഉടയവനായ ദൈവത്തിലാകയാൽ, ജീവിതം സുരക്ഷിതമാണെന്ന ഉറപ്പ് നമ്മുടെ ഹൃദയത്തിൽ ഉണ്ടാകും. അതാണ് വിശ്രമവും കാത്തിരിക്കുവാൻ ക്ഷമയും നൽകുന്നത്. അപ്പോൾ വാഗ്ദത്തം ദൈവം നിർവ്വഹിക്കും.

ദൗത്യങ്ങൾ ഏൽപ്പിക്കുന്നതും, ദൗത്യനിർവ്വഹണത്തിന് നമ്മെ ശക്തീകരിക്കുന്നതും ദൈവമാണ്. നല്ല ആഗ്രഹങ്ങൾ ഹൃദയത്തിൽ നൽകുന്നതും ആഗ്രഹങ്ങളെ പൂർത്തീകരിക്കുവാൻ കൃപ നൽകുന്നതും ദൈവമാണ്. നല്ല പദ്ധതികൾ നൽകുന്നതും അവ നമ്മിലൂടെ പൂർത്തീകരിക്കുന്നതും ദൈവമാണ്. കർത്താവ് നമ്മിൽ ജീവിക്കുന്നതുകൊണ്ട് നാമും ജീവിക്കുന്നു. കർത്താവ് പ്രവർത്തിക്കുന്നതുകൊണ്ട് നാമും പ്രവർത്തിക്കുന്നു. കർത്താവ് നമ്മെ നിർത്തുന്നതുകൊണ്ട് നാം നിൽക്കുന്നു. ഇങ്ങനെ നാം ആയിരിക്കുന്നത് എല്ലാം അവിടുത്തെ കൃപയാൽ മാത്രമാണ്. ഈ തിരിച്ചറിവാണ് നമുക്ക് ഏറ്റവും അത്യാവശ്യവും. ഇത് മനസ്സിലാക്കുമ്പോൾ ദൈവത്തെ മുറുകെ പിടിക്കുവാൻ ഇടയാകുന്നു.

വിജയകരവും ധന്യവുമായ ഒരു ജീവിതത്തിന്റെ അടിത്തറയാണ് പൂർണ്ണ ദൈവാശ്രയവും സമർപ്പണവും. ധാരാളം കഷ്ടതകളെ അഭിമുഖീകരിച്ച് തരണം ചെയ്തുകൊണ്ടുള്ള യാത്രയാണ് ജീവിതം എങ്കിലും, കർത്താവിനെ ആസ്വദിക്കുന്നവർക്ക് ജീവിതം ആനന്ദകരമായിരിക്കും. ഒരു യോദ്ധാവിന് പോരാട്ടം വീര്യം പകരുന്നതുപോലെ, പ്രതികൂലങ്ങൾ വിശ്വാസത്തിന് വീര്യം നൽകുന്ന അനുഭവമായി മാറുന്നു. കർത്താവ് നമ്മിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ജീവിതം അർത്ഥപൂർണ്ണവും കർമ്മനിരതവും ആയിരിക്കും. ആമേൻ •

## കർത്താവു നമ്മിൽ ജീവിക്കുമ്പോൾ

**ചി**കിത്സാപിഴവ് മൂലം, ജനിച്ച് ഏതാനും ആഴ്ചകൾക്കുള്ളിൽ, കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ട വനിതയായിരുന്നു ഫാനി ക്രോസ്ബി. ആഴമേറിയ ദൈവാശ്രയം മൂലം സന്തുഷ്ട ജീവിതം നയിച്ച അവൾ എണ്ണായിരത്തിലധികം ക്രിസ്തീയ ഗാനങ്ങൾ എഴുതിയിട്ടുണ്ട്. ഡോക്ടറുടെ അശ്രദ്ധ മൂലമാണിങ്ങനെ സംഭവിച്ചതെന്ന് അവൾക്കറിയാമായിരുന്നെങ്കിലും അദ്ദേഹത്തോട് യാതൊരു വിദ്വേഷമോ പകയോ തനിക്കില്ലായിരുന്നു. 'ആ ഡോക്ടറെ എനിക്ക് കാണുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഞാൻ അദ്ദേഹത്തോട് വീണ്ടും വീണ്ടും നന്ദി പറയുമായിരുന്നു' എന്നാണവൾ പറഞ്ഞത്. കാരണം തന്റെ അന്ധതയാണ് ഇത്രത്തോളം ഗാനങ്ങൾ എഴുതുവാൻ അവൾക്കു സഹായകമായത് എന്നായിരുന്നു അവളുടെ മനോഭാവം. വാറൻ വിയേഴ്സ്ബിയുടെ 'ജയാളിയായ ക്രിസ്ത്യാനി' എന്ന ഗ്രന്ഥത്തിൽ ഇക്കാര്യങ്ങൾ വിവരിച്ചിരിക്കുന്നു. ഏതെങ്കിലും വിദഗ്ധ ചികിത്സയിലൂടെ തന്റെ കാഴ്ച വീണ്ടെടുക്കുവാൻ കഴിയും എന്നാരെങ്കിലും അവൾക്കുറപ്പ് നല്കിയിരുന്നാൽ പോലും അവൾ അത് നിഷേധിക്കുമായിരുന്നു എന്ന് കുറിച്ചുകൊണ്ടാണ് ഗ്രന്ഥകാരൻതന്റെ വിവരണം അവസാനിപ്പിക്കുന്നത്. അന്ധതയിലും സന്തോഷിച്ച് കർത്താവിനായി എരിഞ്ഞു ശോഭിച്ച ഫാനിയുടെ ജീവിതത്തിൽ, അവളുടെ ബലഹീനതയിൽ തികഞ്ഞു വന്ന ദൈവശക്തി നമ്മെയും പ്രചോദിപ്പിക്കുന്ന മഹാവിസ്മയമല്ലേ? ദൈവനാമത്തിനു മഹത്വം നൽകുന്ന ഈ മഹത്‌വ്യക്തി തന്റെ മാതൃകാ ജീവിതത്തിലൂടെ ആശ്വാസവും ധൈര്യവും പകർന്നുകൊണ്ട് ഇന്നും അനേകരോട് തന്റെ ഗാനങ്ങളിലൂടെ സംസാരിച്ചു കൊണ്ടിരിക്കുന്നു.

# കൃപ കളഞ്ഞുകുളിച്ചാൽ...



സാജു മാത്യു

***"സ്നേഹിതാ നീ കല്യാണവസ്ത്രം ഇല്ലാതെ ഇവിടെ അകത്തുവന്നത് എങ്ങനെ എന്നുചോദിച്ചു. എന്നാൽ അവനു വാക്കുമുട്ടിപ്പോയി... രാജാവ് ശുശ്രൂഷക്കാരോട്: ഇവനെ കയ്യും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ..." (മത്തായി 22: 12,13).***

**പ**ത്താംക്ലാസിൽ പഠിക്കുമ്പോൾ മാതാപിതാക്കൾ നഷ്ടപ്പെട്ട മാത്തുക്കുട്ടി പലരുടെ സഹായം കൊണ്ട് പിന്നീട് രണ്ടുകൊല്ലംകൂടെ പഠിച്ചു. എന്നാൽ സഹായിച്ചവരെ നിന്ദിക്കാനും മാത്തുക്കുട്ടിക്ക് പ്രയാസമൊന്നും ഉണ്ടായിരുന്നില്ല. താമസിയാതെ എല്ലാവരും അവനെ കയ്യൊഴിഞ്ഞു. എന്തായാലും മാത്തുക്കുട്ടിക്കും ജീവിക്കണമല്ലോ... നല്ല തടിമിടുക്കുണ്ടായിരുന്നിട്ടും ജീവിക്കാനായി അവൻ തെരഞ്ഞെടുത്ത പണി പോക്കറ്റടിയായിരുന്നു. ഒരിക്കൽ റോബർട്ട് എന്ന ബിസിനസുകാരന്റെ പോക്കറ്റടിച്ചപ്പോൾ മാത്തുക്കുട്ടി പിടിക്കപ്പെട്ടു. നാട്ടുകാർ അവനെ തല്ലിച്ചതയ്ക്കുന്നതു കണ്ട റോബർട്ട് അവനെ പൊലീസിൽ എൽപിക്കുന്നതിനു പകരം 'മനസ്സലിഞ്ഞ്' തന്റെ കമ്പനിയിൽ ഒരു ജോലികൊടുത്തു... താമസിക്കാൻ റോബർട്ടിന്റെ വീടിനോടു ചേർന്നുള്ള കമ്പനി ഗസ്റ്റ്ഹൗസിൽ സ്ഥലവും കൊടുത്തു.

മര്യാദക്കാരനായി അഭിനയിച്ച മാത്തുക്കുട്ടിക്ക് റോബർട്ട് കൂടുതൽ ഉത്തരവാദിത്തമുള്ള ജോലികൾ കൊടുത്തു. താമസിയാതെ കമ്പനിയുടെ സാമ്പത്തിക ഇടപാടുകൾ മാത്തുക്കുട്ടിയുടെ കയ്യിലായി. റോബർട്ട് മാത്തുക്കുട്ടിക്ക് വളരെ സ്വാതന്ത്ര്യം നൽകി. ജോലിയിൽ ഉയർന്നപ്പോൾ മാത്തുക്കുട്ടി അവന്റെ പഴയസ്വഭാവം കയ്യിലെടുക്കാൻ തുടങ്ങി... സാമ്പത്തികകാര്യങ്ങളിൽ ക്രമക്കേടുകൾ കാണിച്ച് അവൻ സ്വന്തം പേരിലേക്കു പണം മാറ്റിക്കൊണ്ടിരുന്നു. റോബർട്ട് ഇതൊന്നും അറിയുന്നില്ലെന്നായിരുന്നു അവന്റെ ചിന്ത. എന്നാൽ ദയാലുവായ റോബർട്ട് മടങ്ങിവരാൻ അവന് അവസരം കൊടുക്കുകയായിരുന്നു. ഇടയ്ക്ക് റോബർട്ട് പറഞ്ഞു: "മാത്തുക്കുട്ടീ, കണക്കുകളൊക്കെ എനിക്കൊന്നു പരിശോധിക്കണം".

ഇത് മാത്തുക്കുട്ടി പ്രതീക്ഷിച്ചില്ല... എന്നാൽ, മാനസാന്തരപ്പെടുന്നതിനു പകരം മാത്തുക്കുട്ടി റോബർട്ടിന്റെ വ്യാജ ഒപ്പിട്ട് കമ്പനിയുടെ ആസ്തികൾ തന്റെ പേരിലാക്കാനാണു പരിശ്രമിച്ചത്. എന്തായിരിക്കും അതിന്റെ പരിണിതഫലം? നമുക്കറിയാം. ഇനി മാത്തുക്കുട്ടിയുടെ സ്ഥാനം കമ്പനിയുടെ പുറത്തായിരിക്കും. പൊലീസെത്തി, മാത്തുക്കുട്ടിയെ അറസ്റ്റുചെയ്തു. കോടതി മാത്തുക്കുട്ടിയെ കുറ്റക്കാരനെന്നുകണ്ട് ശിക്ഷവിധിച്ചു... റോബർട്ട് കരുണയുള്ളവനല്ലെ? തീർച്ചയായും കരുണയുള്ളവൻ തന്നെ! അതുകൊണ്ടാണല്ലോ, തന്റെ പോക്കറ്റടിച്ചവനെ പൊലീസിലേൽപിക്കാതെ സ്വന്തം കമ്പനിയിൽ ജോലിക്കാരനാക്കിയത്. കള്ളനാണെന്നറിഞ്ഞിട്ടും കമ്പനിയുടെ 'ഫിനാൻസ്' മാത്തുക്കുട്ടിയെ എൽപിച്ചത് റോബർട്ടിന്റെ ബലഹീനതയല്ല; കൃപയാണ്. എന്നാൽ "കൃപ പെരുകേണ്ടതിന്" മാത്തുക്കുട്ടി പാപം ചെയ്തുകൊണ്ടേയിരുന്നു. ഒടുവിൽ എല്ലാം നഷ്ടപ്പെട്ടവനായി മാത്തുക്കുട്ടി ന്യായമായി ലഭിക്കേണ്ടതായ തന്റെ ശിക്ഷാവിധിയിലേക്കു വീണു...!

"കൃപ പെരുകേണ്ടതിനു പാപംചെയ്തുകൊണ്ടിരിക്ക"(റോമർ 6:1) എന്ന ഒന്നാം നൂറ്റാണ്ടിലെ ഉപദേശ വഞ്ചനയുടെ പഴയവീഞ്ഞ് ഇതാ പുതിയ തുരുത്തിയിലാക്കി 'കൃപ' യുടെ സുവിശേഷകർ നമ്മുടെ തലമുറയിലെ പാവങ്ങൾക്ക് വിളമ്പിക്കൊടുക്കുന്നു. ദുർമോഹികളുടെ കാതിന് ഇമ്പകരമാണ് അവരുടെ വഞ്ചിക്കുന്ന മുദ്രാവാക്യങ്ങൾ! അവർ പറയുന്നു: നിങ്ങൾ പാപത്തിൽ വീഴുമ്പോൾ കൃപയിൽ നിന്നു വീഴുകയല്ല, കൃപയിലേക്കു വീഴുകയാണ്! (when you are falling into sin, you are not falling from

grace, but falling into grace). പ്രിയമുള്ളവരെ, ഇതു 'സുവിശേഷ'മല്ല 'വിഷ' (poison) മാണ്.

കൃപകൊണ്ടു മാത്രം ദൈവരാജ്യത്തിലേക്കു പ്രവേശിച്ചവരാണു നാം. മത്തായി 22:1-14 വരെയുള്ള വേദഭാഗത്തിന്റെ തുടക്കത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരായ യെഹൂദർ എങ്ങനെ തിരസ്കരിക്കപ്പെട്ടവരായി എന്നു കാണുന്നു. അവർ ദൈവത്തിന്റെ വിളിയെ ഗൗരവമായെടുക്കാതെ നിസാരമാക്കിക്കളഞ്ഞു. വിരുന്നുപമകൾ (ന്യായവിധിയുടെ വിരുന്നിനെപ്പറ്റി ചില പരാമർശങ്ങൾ ഉണ്ടെങ്കിൽത്തന്നെ (വെളിപ്പാട് 19:17-21) മിക്കതും ദൈവരാജ്യത്തെക്കുറിച്ചുള്ളതാണ്. കല്യാണസദ്യയാണെങ്കിലും (മത്തായി 22: 2) മറ്റു വിരുന്നാണെങ്കിലും (ലൂക്കൊസ് 14:16) ദൈവം ജനങ്ങളെ ദൈവരാജ്യത്തിലേക്കു ക്ഷണിക്കുന്നതിന്റെ പ്രതീകമായാണ് വിരുന്നുപമകൾ വിവരിക്കപ്പെടുന്നത്. വിശദാംശങ്ങൾ വിശകലനംചെയ്തു നാം ഈ ഉപമകളെ വികലമായി വ്യാഖ്യാനിക്കേണ്ടതില്ല. ദൈവം തന്റെ രാജ്യത്തിലേക്കു വിളിക്കുന്നു... നമുക്ക് തന്റെ രാജ്യത്തിലേക്കു പ്രവേശിക്കാൻ മനസ്സുണ്ടോ എന്നതാണ് പ്രസക്തമായ ചോദ്യം! അർഥശൂന്യമായ ചില ഒഴികഴിവുകൾ പറഞ്ഞ് ക്ഷണിക്കപ്പെട്ടവർ ദൈവരാജ്യത്തിലേക്കു പോകുന്നതിനു പകരം തങ്ങളുടെ സ്വന്തം നിലത്തിലേക്കും വ്യാപാരത്തിലേക്കും ബന്ധങ്ങളിലേക്കും തിരിയുന്നതാണ് നാം കഴിഞ്ഞ ലക്കത്തിൽ കണ്ടത്.

"പിന്നെ അവൻ ദാസന്മാരോട്, കല്യാണം ഒരുങ്ങിയിരിക്കുന്നു; ക്ഷണിക്കപ്പെട്ടവരോ യോഗ്യരായില്ല..." (മത്തായി 22:8). ക്ഷണിക്കപ്പെട്ടവർ വന്നില്ല എന്ന കാരണത്താൽ രാജാവ് കല്യാണം വേണ്ടെന്നുവയ്ക്കുന്നില്ല. ക്ഷണിക്കപ്പെട്ടവർ വന്നാലും വന്നില്ലെങ്കിലും കല്യാണം നടക്കും. ആദമിനെയും അവന്റെ സന്തതിപരമ്പരകളെയും തന്റെ രാജ്യത്തിന് അവകാശികളാക്കി ആ കൂട്ടായ്മ ഒരു ആഘോഷമാക്കണമെന്നായിരുന്നു ദൈവത്തിന്റെ പദ്ധതി! എന്നാൽ ദൈവത്തോട് മത്സരിച്ചുകൊണ്ട് ആദം ക്ഷണം നിരസിച്ചു... ആദം ദൈവത്തോടു മത്സരിച്ചതുകൊണ്ട് ദൈവം ദൈവത്തിന്റെ പ്ലാൻ മാറ്റിയതുമില്ല. ദൈവം പിന്നീട് നോഹയെയും നോഹയ്ക്കുശേഷം അബ്രഹാമിനെയും അബ്രഹാമിനുശേഷം യിസ്രായേൽമക്കളെയുമൊക്കെ വെച്ച് 'ദൈവരാജ്യം' പണിയാൻ നോക്കി. എന്നാൽ ഒരു മനുഷ്യന്റെയും പരാജയം ദൈവത്തിന്റെ പദ്ധതിയെ തകർക്കാൻ പര്യാപ്തമായിരുന്നില്ല. നഷ്ടം പരാജയപ്പട്ടവർക്കു മാത്രമായിരുന്നു. ക്ഷണിക്കപ്പെട്ടവർ പരാജയപ്പെട്ടപ്പോൾ ദൈവം പുതിയ ആളുകൾക്ക് അവസരം കൊടുത്തു. 'ചിലർ വിശ്വസിച്ചില്ല എങ്കിൽ അവരുടെ അവിശ്വാസത്താൽ ദൈവത്തിന്റെ വിശ്വസ്തതയ്ക്ക് നീക്കം വരുമോ? ഒരുനാളും ഇല്ല' (റോമർ 3:3).

മറ്റൊരു പാഠം കൂടെ ഇവിടെ നാം പഠിക്കേണ്ടതുണ്ട്. ക്ഷണിക്കപ്പെട്ടവർ യോഗ്യരായിത്തീർന്നില്ല എന്ന കാരണത്താൽ രാജാവ് കല്യാണം മാറ്റിവയ്ക്കില്ല എന്നതുപോലെ പ്രധാനമായൊരു സത്യം, സദ്യ ഒരുങ്ങിയിരിക്കുന്നതിനാൽ യോഗ്യരല്ലാത്ത ആരെയെങ്കിലും രാജാവ് വിരുന്നുശാലയിൽ പ്രവേശിപ്പിക്കുകയുമില്ല. ചിലപ്പോൾ ആളുകൾ പറയുന്നതുകേട്ടിട്ടുണ്ട്... 'എന്തായാലും ദൈവം ഇത്ര വിശാലമായി സ്വർഗ്ഗം പണിതതല്ലെ... ആരാണ് ഇത്ര വിശുദ്ധർ? എന്തായാലും കുറേപ്പേരെയെങ്കിലും സ്വർഗ്ഗത്തിൽ കയറ്റണ്ടെ? അക്കൂട്ടത്തിൽ ഒരുപക്ഷെ നമുക്ക് കയറിക്കൂടാൻ കഴിഞ്ഞേക്കും...". ഇതൊരു തെറ്റിദ്ധാരണ മാത്രമാണ്- ഒരു മാനുഷിക ചിന്ത...

ഒരു കമ്പനി, ഉദ്യോഗാർഥികൾക്കായി യോഗ്യത നിശ്ചയിക്കുന്നു; യോഗ്യരായവരെ കിട്ടുന്നില്ലെങ്കിൽ കൂട്ടത്തിൽ യോഗ്യരായവരെ നിയമിക്കുന്നു. എന്നാൽ ദൈവം അങ്ങനെയല്ല! തനിക്ക് ഒരു 'സ്റ്റാൻഡേർഡ്' ഉണ്ട്. അതിന് താൻ കുറവൊന്നും വരുത്തുകയില്ല. കൃത്യമായി പറഞ്ഞാൽ, സ്വർഗ്ഗം തരിശുകിടന്നാലും അവിടുന്ന് പാപികളെക്കൊണ്ട് അതു നിറയ്ക്കുകയില്ല. ക്ഷണിക്കപ്പെട്ടവർ യോഗ്യരായില്ല എന്നു കണ്ടപ്പോൾ രാജാവ്: "വഴിത്തലയ്ക്കൽ ചെന്നു കാണുന്നവരെ ഒക്കെയും കല്യാണത്തിനു വിളിപ്പിൻ എന്നു പറഞ്ഞു. ആ ദാസന്മാർ പെരുവഴികളിൽപോയി കണ്ട ദുഷ്ടന്മാരെയും നല്ലവരെയും എല്ലാം കൂട്ടിക്കൊണ്ടുവന്നു; കല്യാണശാല വിരുന്നുകാരെക്കൊണ്ടു നിറഞ്ഞു" (മത്തായി 22:8-10).

ഒറ്റവായനയിൽ ഇവിടെ നമുക്കൊരു തെറ്റിദ്ധാരണ ഉണ്ടാകാം... ക്ഷണിക്കപ്പെട്ടവർ ക്ഷണം നിരസിച്ചപ്പോൾ പിന്നെ നല്ലവരെയും ദുഷ്ടരെയും എല്ലാം കല്യാണത്തിനു വിളിച്ചല്ലോ! വിളിയും യോഗ്യതയും ഇവിടെ രണ്ടാണ്. വിളിക്ക് യോഗ്യതയുടെ ആവശ്യമൊന്നുമില്ല. ആരെയും ദൈവം വിളിക്കുന്നു. എന്നാൽ ഉള്ളിൽ പ്രവേശിക്കുന്നതിന് 'യോഗ്യത'വേണം. ഇവിടെയാണ് ദൈവവും നമ്മളും തമ്മിലുള്ള വ്യത്യാസം! നാം സാധാരണ

ശേഷം പേജ് 28 ▶



# വിശ്വാസത്തിന്റെ സാക്ഷികൾ

എബ്രായർ 10:39, 11: 1

ചെയ്സ് ജോസഫ്

**എ**ബ്രായ ലേഖനത്തിൽ നാം തുടർച്ചയായി കാണുന്ന ഒരു രീതിയാണ് മുന്നറിയിപ്പിനുശേഷം ആശ്വാസകരമായ ഒരു ഉത്ബോധനം. അത് ഈ വാക്യത്തിലും നാം കാണുന്നു. നാം നാശത്തിലേക്ക് പിന്മാറുന്നവരുടെ കൂട്ടത്തിൽ ആയതുകൊണ്ടല്ല ഈ മുന്നറിയിപ്പുകൾ നൽകുന്നത്. പ്രത്യുത, വിശ്വാസത്തിനുള്ള പോരാട്ടം എത്ര വലിയതാണെന്നും എത്ര ഗൗരവമേറിയതാണെന്നും മനസ്സിലാക്കി കൊടുക്കുന്നതിനാണ്. എങ്കിലും നാം എപ്പോഴും ജാഗരൂകരും പോരാടുന്നവരും ആയിരിക്കേണ്ടത് വിശ്വാസജീവിതത്തിന് അത്യന്താപേക്ഷിതമാണ്. ഈ വാക്യം (10:39) നമുക്ക് കാണിച്ചുതരുന്ന ഒരു പ്രധാനപ്പെട്ട കാര്യം എല്ലാ അപകടങ്ങളും നമ്മുടെ മുമ്പിൽ ഉണ്ടെങ്കിലും വിശ്വാസികളോട് സംസാരിക്കുമ്പോൾ അവർക്ക് സ്വന്തം വിശ്വാസത്തിൽ സംശയം ജനിപ്പിക്കുന്ന രീതിയിൽ സംസാരിക്കരുത് എന്നതാണ്. ഇന്ന് പലരുടെയും പ്രത്യാശ നഷ്ടപ്പെടുന്നതിനുള്ള ഒരു പ്രധാന കാരണം തെറ്റായ രീതിയിലുള്ള പ്രബോധനങ്ങളാണ്.

ഈ വാക്യത്തിന്റെ രണ്ടാം ഭാഗത്തിൽ അത് വ്യക്തമാണ്. വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലുള്ള വിശുദ്ധന്മാർക്കാണ് ഈ പ്രബോധനവാക്യങ്ങൾ നൽകപ്പെട്ടിരിക്കുന്നത്. ഈ വിശ്വാസം ജീവരക്ഷയെ സംബന്ധിക്കുന്നതാണ്. Preservation of the soul എന്നാണ് ഇത് ഇംഗ്ലീഷിൽ വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നത്. ഇവിടെ വ്യക്തമായി സൂചിപ്പിക്കുന്നത് ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ വർത്തമാനകാല അനുഭവമായ ദേഹീരക്ഷ അഥവാ പ്രാണന്റെ രക്ഷയെ കുറിച്ചാണ്. വിശുദ്ധീകരണത്തെക്കുറിച്ച് സംസാരിക്കുന്ന എല്ലാ ലേഖനങ്ങളും ഇതുപോലെ തന്നെ പ്രാണന്റെ രക്ഷയെക്കുറിച്ച് ആണ് സംസാരിക്കുന്നത്. എന്നാൽ പ്രാണന്റെ രക്ഷയെ നമുക്ക് വേർതിരിച്ചു കാണുവാനും സാധ്യമല്ല അത് ആകെയുള്ള രക്ഷാപദ്ധതിയുടെ ഭാഗം തന്നെയാണ്. അതുകൊണ്ട് മുന്നറിയിപ്പുകൾ എത്ര കഠിനമായാലും പ്രത്യാശയോടെ വിശ്വാസത്തിന്റെ നല്ല പോരാട്ടം പോരാടി വിശുദ്ധിയെ തികയ്ക്കുവാൻ ദൈവത്തിന്റെ വചനം ഈ വാക്യങ്ങളിലൂടെ നമ്മെ പ്രബോധിപ്പിക്കുന്നു.

**വ്യക്തമായ ഒരു നിർവ്വചനം.**

വിശ്വാസത്തെക്കുറിച്ചുള്ള ഏറ്റവും വ്യക്തമായ ഒരു നിർവ്വചനം ആണ് എബ്രായർ 11 : 1 ൽ കാണുന്നത്. 'വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു'. വിശ്വാസത്തിലൂടെ ദൈവത്തിന്റെ സന്നിധിയിൽ വിശുദ്ധജീവിതം നയിച്ച അനേക വിശുദ്ധന്മാരുടെ സാക്ഷ്യങ്ങൾ പറയുന്നതിനു മുമ്പ്, എന്താണ് യഥാർത്ഥത്തിൽ അവരെ നയിച്ചിരുന്ന വിശ്വാസം എന്ന് എബ്രായലേഖനത്തിൽ വ്യക്തമാക്കുന്നു.

**a) ആശിക്കുന്നതിന്റെ ഉറപ്പ്.** ഒരു വാക്യം വായിക്കുമ്പോൾ ഓരോ വാക്കുകൾക്കും നാം കൊടുക്കുന്ന അർത്ഥവും പ്രാധാന്യമുള്ളതാണ്. ആശിക്കുന്നതിന്റെ ഉറപ്പിനെ ഇന്ന് പലരും വ്യാഖ്യാനിക്കുന്നത് മോഹിക്കുന്നതിന്റെ ഉറപ്പായിട്ടാണ്. ഈ ലോകത്ത് ജീവിക്കുമ്പോൾ നമുക്കുള്ള പല ആഗ്രഹങ്ങളാണ് ഈ ആശ എന്ന് ഇന്ന് പലരും മനസ്സിലാക്കിയിരിക്കുന്നു.

ഉപജീവനം, വിദ്യാഭ്യാസം, ധനാഗമം, ആരോഗ്യം, ഈ കാര്യങ്ങളിലാണ് മിക്കമനുഷ്യരും ഈ ഉറപ്പ് കണ്ടെത്തുന്നത്. 'ഒരു വിടുതൽ വരുന്നു', 'ദൈവം അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നു', 'ബിസിനസിനെ അഭിവൃദ്ധിപ്പെടുത്തുന്നു', 'രോഗങ്ങൾ മാറ്റുന്നു', 'തലമുറയെ അനുഗ്രഹിക്കുന്നു' ഇതൊക്കെയാണ് ഇന്നത്തെ ക്രിസ്തീയഗോളത്തിൽ വിശ്വാസത്തിന്റെ അടിസ്ഥാനമായി പഠിപ്പിക്കുന്നത്. എന്നാൽ കർത്താവ് നമ്മെ രക്ഷിക്കുമ്പോൾ നമ്മെ വിളിച്ചിരിക്കുന്നതുതന്നെ ഏകപ്രത്യാശയാലാണ് എന്ന് എഫേസ്യലേഖനം 4:4 ൽ വായിക്കുന്നു. നമ്മെ വിളിച്ച വിളിയാലുള്ള ആശ എന്ന് അതേ ലേഖനത്തിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നു (എഫെസ്യർ 1:17). എന്താണ് അപ്പോസ്തലന്മാർ പ്രത്യാശ വച്ചിരുന്ന കാര്യങ്ങൾ? അവരുടെ അവസ്ഥകൾക്ക് മാറ്റം വരുമെന്നും തലമുറകൾ അനുഗ്രഹിക്കപ്പെടുമെന്നും ഒരു ശുഭഭാവി വരുമെന്നും അവർ വിശ്വസിച്ചു കാത്തിരിക്കുകയായിരുന്നുവോ? ഒരിക്കലുമല്ല! അവർ കാത്തിരുന്നത് നീതിയുടെയും തേജസ്സിന്റെയും കിരീടങ്ങളെയാണ്. കർത്താവ് മഹത്വത്തിൽ വരുമ്പോൾ അവർക്ക് ലഭിക്കേണ്ട ഓഹരിയെ ആണ്. ഈ വിശ്വാസത്തെക്കുറിച്ച് പറഞ്ഞാൽ അത് ഇന്ന് ഒരു ധനാഗമ മാർഗ്ഗമല്ല, പിന്നെയോ അതിശ്രേഷ്ഠമായ ഒന്നിനുവേണ്ടി എല്ലാം നഷ്ടപ്പെടുത്തേണ്ടി വരുന്ന ഒരു വിശ്വാസമാണ്. അതുകൊണ്ടുതന്നെ സമൃദ്ധി പഠിപ്പിക്കുന്ന ആധുനികസഭകൾ 'അതിവിശുദ്ധ വിശ്വാസത്തെ' അവഗണിച്ചിരിക്കുന്നു. ദൈവത്തിന്റെ തേജസ്സിനെ കാത്തിരിക്കുന്നതിന് പകരം അവർ മനുഷ്യരുടെ തേജസ്സ് വരുമെന്ന് വിചാരിച്ച് വിശ്വാസത്തെ ബലഹീനവും ദൈവത്തോടുള്ള ഒരു മത്സരവും ആക്കി മാറ്റിയിരിക്കുന്നു.

'ആശ' എന്നത് യഥാർത്ഥത്തിൽ പ്രത്യാശ തന്നെയാണ്. Hope എന്ന ഇംഗ്ലീഷ് വാക്കാണ് അവിടെ ഉപയോഗിച്ചിരിക്കുന്നത്. അതൊരിക്കലും ആഗ്രഹിക്കുന്നതിന്റെയോ മോഹിക്കുന്നതിന്റെയോ കാര്യമല്ല. എന്താണോ നാം പ്രതീക്ഷിക്കുന്നത് അതിനുവേണ്ടിയുള്ള കാത്തിരിപ്പാണ് പ്രത്യാശ.

ഈ ഒരു പ്രത്യാശയുടെ നിർവ്വചനം നൽകുന്ന രണ്ടു വാക്യങ്ങൾ വേദപുസ്തകത്തിലുണ്ട്. ആത്മാവ് എന്ന ആദ്യദാനം ലഭിച്ചവരായ നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തെ കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു. പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്'(റോമർ 8: 23,24).

അതായത്, നമ്മുടെ പ്രത്യാശ എന്നത് ശരീരത്തിന്റെ വീണ്ടെടുപ്പിനായുള്ള കാത്തിരിപ്പാണ്. വരുവാനുള്ള തേജസ്സ് പ്രാപിക്കുന്നതിനുള്ള ഞരക്കമായിട്ടാണ് ഈ വാക്യം പ്രത്യാശയെ വിവരിക്കുന്നത്. ഞരക്കം എന്ന വാക്ക് സൂചിപ്പിക്കുന്നത് ആന്തരികമായ ഒരു നിലവിളിയെയാണ്. അത് സ്വർഗ്ഗീയ തേജസ്സ് പ്രാപിക്കുന്നതിനുള്ള നിലവിളിയാണ്. ഈ ഞരക്കം ദൈവാത്മാവുള്ള ഒരാളിൽ എപ്പോഴും ഉണ്ടായിരിക്കും. ഈ ഉറപ്പോടുകൂടിയുള്ള ഞരക്കത്തെയാണ് പ്രത്യാശ എന്ന് പറയുന്നത്. നാം നേരത്തെ കണ്ടതുപോലെ ഈ പ്രത്യാശ ഇന്ന് പല സഭകളിൽ നിന്നും അപ്രത്യക്ഷമായിരിക്കുന്നു, അതിനുപകരം മോഹങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള ഉപാധിയായി വിശ്വാസം മാറ്റപ്പെട്ടിരിക്കുന്നു. ചിന്താക്കുഴപ്പം ഉളവാക്കുന്ന മോഹങ്ങളുടെ ഈ കച്ചവടം ഒരു ആദായസൂത്രമായതിനാൽ അത് നിർബാധം തുടരുന്നു.

ഈ വാക്യം നമ്മെ ഒരു വലിയ ആത്മീക സത്യം കൂടെ പഠിപ്പിക്കുന്നുണ്ട്. ഒരാളിൽ ദൈവത്തിന്റെ ആത്മാവുണ്ട് എന്നുള്ളതിന്റെ ഏറ്റവും വലിയ അടയാളം ഈ ആന്തരിക ഞരക്കം ആണ്. ഇന്ന് പലരും അന്യഭാഷയെയാണ് ആത്മാവിന്റെ അടയാളമായി കരുതിപ്പോരുന്നത്. എന്നാൽ അന്യഭാഷ പറഞ്ഞു കൊണ്ടുതന്നെ ഇന്ന് ആളുകൾ ലോകമോഹികളായി ജീവിക്കുകയും ലൗകിക വിഷയങ്ങൾക്കായി പ്രാർത്ഥിക്കുകയും പ്രവചിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ആത്മാവിനാൽ നടത്തപ്പെടേണ്ടതിനു പകരം ലോകത്തിന്റെ വഞ്ചനയാൽ ചതിക്കപ്പെടുന്നു. എന്നാൽ ദൈവാത്മാവുള്ളവർക്ക് എപ്പോഴും നിത്യതയ്ക്കായുള്ള ഞരക്കം ഉണ്ടായിരിക്കും. ശരീരത്തിന്റെ വീണ്ടെടുപ്പിനായുള്ള തിടുക്കമാണ് അത്. ഈ തിടുക്കത്തെയാണ് പ്രത്യാശ എന്ന് പറയുന്നത്. 'ശരീരത്തിന്റെ വീണ്ടെടുപ്പ്' എന്ന പ്രത്യാശയിലാണ് നാം രക്ഷിക്കപ്പെടുന്നത് എന്ന് റോമാലേഖനത്തിൽ കാണുന്നു. എബ്രായർ 11: 1 വായിക്കുമ്പോൾ എന്താണോ നാം പ്രത്യാശിക്കുന്നത് അതിന്റെ ഉറപ്പിനെയാണ് വിശ്വാസമായി കണക്കാക്കുന്നത്.

അതുകൊണ്ട് വിശ്വാസമെന്നത് നിത്യതയെ സംബന്ധിക്കുന്ന വാഗ്ദത്തങ്ങളുടെ ഉറപ്പാണ്.

ശേഷം പേജ് 13 ▶

ബെഞ്ചമിൻ വർഗീസ്

# തണൽമരങ്ങൾ

***യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നില്ക്കുന്നത് കണ്ടിട്ട്: സ്ത്രീയേ, ഇതാ, നിന്റെ മകൻ എന്ന് അമ്മയോടു പറഞ്ഞു. പിന്നെ ശിഷ്യനോട്: ഇതാ, നിന്റെ അമ്മ എന്നും പറഞ്ഞു. ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈക്കൊണ്ടു. (യോഹന്നാൻ 19:26,27).***

**ഓ**ഫീസ് മുറിയിൽ തിരക്കിട്ട് എന്റെ ജോലികൾ തീർക്കാൻ ശ്രമിക്കുകയായിരുന്നു ഞാൻ. ഡെഡ്‌ലൈൻ അടുത്തതുകൊണ്ട് നല്ല സമ്മർദ്ദമുണ്ടായിരുന്നു. അതിനിടയിലാണ് എന്റെ മൊബൈൽ ശബ്ദിച്ചത്. അടുത്ത വീട്ടിൽ ഒറ്റയ്ക്ക് താമസിക്കുന്ന പ്രായമായൊരു മനുഷ്യനുണ്ട്. അദ്ദേഹമാണ് വിളിക്കുന്നത്. ഈ മാസത്തെ കറന്റ് ബില്ല് ഒന്ന് ഓൺലൈനായി അടച്ചുകൊടുക്കാമോ എന്ന് ചോദിക്കാനാണ്. പണികളുടെ തിരക്കിനിടയിൽ ഈയൊരു അലോസരം കൂടിയായപ്പോൾ പെട്ടെന്ന് എന്നിലൊരു ഈർഷ്യയാണ് ആദ്യം ഉണ്ടായത്. പക്ഷേ, മറുപടി പറയാനായി ഞാൻ മുഖമുയർത്തിയപ്പോൾ എന്റെ കണ്ണുകൾ നേരെ പതിച്ചത് എനിക്ക് മുന്നിലിരിക്കുന്ന ആ ചെറിയ ഫലകത്തിലേക്കാണ്. അതിൽ ഇപ്രകാരം എഴുതിയിരുന്നു: 'Be like Him' (യേശുവെപ്പോലെ ആകുക).

ഒരു നിമിഷം എന്റെ ഈർഷ്യയെല്ലാം കെട്ടടങ്ങി. വേഗം തന്നെ ഞാൻ ആ ബില്ല് അടച്ചുകൊടുക്കുകയും വിവരം അദ്ദേഹത്തെ വിളിച്ച് പറയുകയും ചെയ്തു. ഫോൺ വച്ചശേഷം ഞാൻ കസേരയിലേക്ക് ചാരികിടന്ന് ആ ഫലകത്തിലേക്ക് തന്നെ കുറെ സമയം ഉറ്റുനോക്കിയിരുന്നു.

അന്ന മരിച്ചുകഴിഞ്ഞാണ്, ഞാൻ ആ ഫലകം എന്റെ ഓഫീസ് മുറിയിൽ എനിക്ക് മാത്രം കാണാൻ സാധിക്കുന്ന രീതിയിൽ കൊണ്ടുവന്ന് വെച്ചത്. ഞങ്ങൾക്ക് വളരെ പ്രിയപ്പെട്ട ഒരു കുടുംബമായിരുന്നു സുജിത്തിന്റെയും അന്നയുടെയും കുടുംബം. അന്നയുടെ അവസാന നിമിഷങ്ങൾ എന്റെ ഓർമ്മകളിൽ ഇന്നും ഒരു നീറ്റലായി അവശേഷിക്കുന്നു. മരണക്കിടക്കയിൽ അവൾ അനുഭവിച്ച വേദനയുടെ കാഠിന്യം എനിക്കറിയാമായിരുന്നു. പക്ഷേ, ആ വേദനകൾക്കിടയിലും അവളുടെ മുഖത്ത് വിരിഞ്ഞ ശാന്തമായ പുഞ്ചിരി, മറ്റുള്ളവരോടുള്ള അവളുടെ കരുതൽ അതൊന്നും എനിക്ക് മറക്കാൻ കഴിയില്ല. അവളുടെ ജീവിതം എന്നുമെനിക്കൊരു അത്ഭുതമായിരുന്നു.

ബാല്യം മുതലേ പ്രായത്തിനപ്പുറമുള്ള പക്വത കാട്ടിയിരുന്ന ഒരു കുട്ടിയായിരുന്നു അന്ന. കൂട്ടുകാർ കളികളിൽ മുഴുകുമ്പോൾ, അവൾ ചിലപ്പോൾ സ്കൂൾ മുറ്റത്തെ ഒരു മൂലയിൽ, സങ്കടപ്പെട്ടിരിക്കുന്ന ഏതെങ്കിലും കുട്ടിയുടെ കൂടെയായിരിക്കും. മറ്റുള്ളവരുടെ സങ്കടങ്ങൾ, അവർ പറയാതെ തന്നെ അവൾ മനസ്സിലാക്കിയിരുന്നു. അവൾക്കത് വെറുമൊരു സഹതാപമായിരു

Be Like Him
(യേശുവെപ്പോലെ ആകുക).

ന്നില്ല, അതവളുടെ സ്വാഭാവികമായ ഒരു പ്രതികരണമായിരുന്നു. ആർക്കെങ്കിലും ഒരു ചെറിയ ഉപകാരം ചെയ്യാൻ കഴിഞ്ഞാൽ, അവളുടെ കണ്ണുകളിലുണ്ടാകുന്ന തിളക്കം ഞാൻ പലപ്പോഴും ശ്രദ്ധിച്ചിട്ടുണ്ട്. അതവൾക്ക് വലിയ സന്തോഷമായിരുന്നു നൽകിയിരുന്നത്.

വളർന്നു വലുതായപ്പോൾ, വളരെ പെട്ടെന്ന് തന്നെ അവൾ തന്റെ കരിയറിൽ വലിയ നേട്ടങ്ങൾ കൈവരിച്ചു. നല്ലൊരു ഐ.ടി. കമ്പനിയിൽ ഉയർന്ന പദവി. എപ്പോഴും തിരക്കുകളായിരിക്കും. എന്നാൽ, ആ തിരക്കുകൾക്കിടയിലും അവൾ മറ്റുള്ളവർക്കായി സമയം കണ്ടെത്തി. അവളുടെ കൂടെ ജോലി ചെയ്യുന്നവരോട് മാത്രമല്ല, വഴിയിൽ കാണുന്നവരോട് പോലും അവൾ വ്യക്തിപരമായ ബന്ധം കാത്തുസൂക്ഷിച്ചു. വീടിനടുത്തുള്ള ജംഗ്ഷനിൽ പച്ചക്കറി വിൽക്കുന്ന ലക്ഷ്മിയമ്മയുടെ ഭർത്താവ് തളർവാതം പിടിച്ച് കിടപ്പിലാണെന്ന വിവരം അവൾക്കറിയാമായിരുന്നു. അവർക്ക് വേണ്ട മരുന്നുകൾ അവൾ തന്നെയാണ് പലപ്പോഴും വാങ്ങി നൽകിയിരുന്നത്. രാവിലെ പാൽ കൊണ്ടുവരുന്ന പയ്യൻ ഡിഗ്രിക്ക് പഠിക്കുകയാണെന്നും, അവന്റെ ലക്ഷ്യം സിവിൽ സർവീസ് ആണെന്നും അവൾക്കറിയാമായിരുന്നു. അവന് വായിക്കാൻ വേണ്ട പുസ്തകങ്ങൾ വരെ അവൾ സംഘടിപ്പിച്ചു നൽകി. എല്ലാവരുടെയും കാര്യങ്ങളിൽ അവൾക്ക് അതിയായ താല്പര്യമുണ്ടായിരുന്നു.

എല്ലാം ഭംഗിയായി മുന്നോട്ടുപോകുന്നതിനിടയിലാണ് അശനിപാതം പോലെ ആ വാർത്ത വന്നത്, അവൾക്ക് ക്യാൻസറാണ്. അതും അവസാന ഘട്ടത്തിൽ. ആദ്യം അവളൊന്ന് തകർന്നുപോയി. ഏതൊരു മനുഷ്യനെയും പോലെ ആ ഭയം അവളെയും ഗ്രസിച്ചു. പക്ഷേ, വളരെ വേഗം തന്നെ അവൾ യാഥാർത്ഥ്യവുമായി പൊരുത്തപ്പെട്ടു. പിന്നെ ഞാൻ കണ്ടത് അസാമാന്യമായ ഒരു സഹനശക്തിയാണ്. വേദനയുടെ ഏറ്റവും ഭീകരമായ ദിനങ്ങളിലും, അവളെ സന്ദർശിക്കാൻ വരുന്നവരെയെല്ലാം അവൾ ചിരിച്ചുകൊണ്ടാണ് സ്വീകരിച്ചത്. അവളെ ആശ്വസിപ്പിക്കാൻ വരുന്നവർ, അവൾ പറഞ്ഞുകൊടുക്കുന്ന വാക്കുകൾ കേട്ട് പലപ്പോഴും സ്വയം ആശ്വാസം കണ്ടെത്തിയാണ് മടങ്ങിപ്പോയിരുന്നത്.

ആശുപത്രി കിടക്കയിലും അവൾക്ക് മാറ്റമൊന്നുമുണ്ടായില്ല. തന്റെ അടുത്ത കിടക്കയിലുള്ള സ്ത്രീ, കീമോതെറാപ്പിക്കുള്ള പണം കണ്ടെത്താൻ ബുദ്ധിമുട്ടുന്നത് അവൾ എങ്ങനെയോ മനസ്സിലാക്കി. തന്റെ ചികിത്സയ്ക്കായി മാറ്റിവെച്ചിരുന്ന പണത്തിൽ നിന്നൊരു പങ്ക്, തന്റെ സുഹൃത്തുക്കൾ വഴി അവൾ അവർക്കായി നൽകി. അവളെ പരിചരിക്കാൻ വന്നിരുന്ന ഒരു നേഴ്സ്, മനസ്സിലെന്തോ വലിയ ഭാരവുമായാണ് ജോലി ചെയ്യുന്നതെന്ന് അവൾ പെട്ടെന്ന് തിരിച്ചറിഞ്ഞു. അവരുമായി പതിയെ സംസാരിച്ച്, അവരുടെ തകർന്നുകൊണ്ടിരുന്ന കുടുംബബന്ധത്തെക്കുറിച്ച് മനസ്സിലാക്കി. വേദനകൾക്കിടയിലും അവൾ അവരെ ആശ്വസിപ്പിച്ചു, അവർക്ക് വേണ്ട ഉപദേശങ്ങൾ നൽകി. അത് വെറുതെയായില്ല, ആ കുടുംബം യേശുവിലായി, അവരിന്നും സന്തോഷമായി ജീവിക്കുന്നു.

മരണത്തിന് തൊട്ടുമുമ്പുള്ള ആ ദിവസങ്ങളിൽ, അവളുടെ ചിന്ത മുഴുവൻ ഭർത്താവ് സുജിത്തിനെയും അവരുടെ രണ്ട് കുഞ്ഞുമക്കളെയും കുറിച്ചായിരുന്നു. അവൾ പോയിക്കഴിഞ്ഞാൽ സുജിത്ത് ഒറ്റപ്പെട്ടുപോകരുതെന്ന് അവൾക്ക് നിർബന്ധമുണ്ടായിരുന്നു. അവൾ സുജിത്തിന്റെ കൈകൾ ചേർത്തുപിടിച്ച് അവനോട് പറഞ്ഞു: 'സുജിത്തേ, ഞാൻ പോയാലും നിങ്ങൾ ഒറ്റയ്ക്കല്ല. കുട്ടികളെ നോക്കാൻ എന്റെ സഹോദരി എപ്പോഴും കൂടെയുണ്ടാകും. അവളോട് ഞാൻ സംസാരിച്ചിട്ടുണ്ട്. പിന്നെ, സുജിത്തിന്റെ ആ പഴയ സുഹൃത്ത് 'വരുൺ...' അവനുമായി ഈയിടെയായി അകന്നുനിൽക്കുകയാണല്ലോ. ഞാൻ അവനെ വിളിച്ചിരുന്നു. നാളെ അവൻ വരും. ഏകാന്തത അകറ്റാൻ ഒരു കൂട്ടുവേണം. തളർന്നുപോകരുത്. 'സ്വന്തം ജീവന്റെ അവസാന തുടിപ്പുകളിലും, തനിക്കേറ്റവും പ്രിയപ്പെട്ടവരുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കയായിരുന്നു അവളിൽ മുഴച്ചുനിന്നത്.

അവൾ യാത്രയായി. അവളുടെ ശവസംസ്കാരച്ചടങ്ങിൽ പങ്കെടുക്കാൻ വന്നവരുടെ എണ്ണം കണ്ടപ്പോൾ ഞാൻ ശരിക്കും അത്ഭുതപ്പെട്ടുപോയി. പലരും സംസാരിച്ചത് അവളുടെ ഈ അസാധാരണമായ കരുതലിനെക്കുറിച്ചാണ്. രോഗത്തിന്റെ കൊടിയ വേദന അനുഭവിച്ചിട്ടും, എങ്ങനെയാണ് അവൾക്ക് മറ്റുള്ളവർക്ക് വേണ്ടി ഇത്രയധികം ചിന്തിക്കാനും ചെയ്യാനും കഴിഞ്ഞതെന്ന് ഓർത്ത് എല്ലാവരും അത്ഭുതം കൂറി.

അവിടെവെച്ച് സുജിത്ത് അവളെക്കുറിച്ച്

സംസാരിച്ചു. അവന്റെ വാക്കുകൾ എല്ലാവരുടെയും ഹൃദയത്തിൽ തറച്ചുകയറുന്നവയായിരുന്നു:

'അവൾക്കെങ്ങനെ ഇതിന് കഴിഞ്ഞു എന്നത് എനിക്കും ഒരു അത്ഭുതമായിരുന്നു,' സുജിത്ത് വിതുമ്പലോടെ പറഞ്ഞു. 'അവസാന ദിവസങ്ങളിൽ, അതികഠിനമായ വേദന അവൾ അനുഭവിക്കുമ്പോഴും, മറ്റുള്ളവരുടെ കാര്യങ്ങൾ ചോദിച്ചറിയുന്നതു കണ്ട്, എനിക്കത് സഹിക്കാനായില്ല. ഞാനവളോട് ചോദിച്ചു, ഈ വേദനയ്ക്കിടയിലും എങ്ങനെ നിനക്കിതിന് കഴിയുന്നു എന്ന്.'

സുജിത്ത് ഒന്ന് നിർത്തി, സദസ്സിനെ മൊത്തത്തിലൊന്ന് നോക്കി. അവിടെ സൂചി വീണാൽ കേൾക്കാവുന്നത്ര നിശബ്ദതയായിരുന്നു.

'അപ്പോൾ അവൾ എന്നോട് പറഞ്ഞത്...', അവൻ തുടർന്നു, 'യേശു കുരിശിൽ കിടന്നപ്പോൾ അനുഭവിച്ച വേദനയെക്കുറിച്ചാണ്. അത്രയും വലിയ യാതനകൾക്കിടയിലും, തനിക്കേറ്റവും പ്രിയപ്പെട്ട അമ്മയെക്കുറിച്ചും ശിഷ്യനെക്കുറിച്ചുമല്ലേ യേശു ചിന്തിച്ചത്? **യേശുവിനെപ്പോലെ ആകുക എന്നതിനർത്ഥം, 'യേശു ചിന്തിച്ചതുപോലെ ചിന്തിക്കുക, യേശു പ്രതികരിച്ചതുപോലെ പ്രതികരിക്കുക, യേശു പ്രവർത്തിച്ചതുപോലെ പ്രവർത്തിക്കുകയും ചെയ്യുക' എന്നതാണ്.** അതാണ് എന്റെയും ലക്ഷ്യം.'

ആ വാക്കുകൾ അവിടെ കൂടിയിരുന്നവരുടെയെല്ലാം ഹൃദയങ്ങളിൽ ആഴത്തിൽ സ്പർശിച്ചു. മാനവജാതിയുടെ പാപഭാരം പേറി കുരിശിൽ കിടക്കുമ്പോഴും, സ്വന്തം വേദനകളെക്കാളുപരി സ്വന്തം അമ്മയ്ക്ക് സുരക്ഷിതത്വം ഒരുക്കി കൊടുത്ത ആ സ്നേഹമാണ് അന്നയുടെ വാക്കുകളിലൂടെ അന്ന് അവിടെ വെളിപ്പെട്ടത്.

അന്ന മരിച്ചിട്ട് ഇപ്പോൾ ഒന്നര ദശാബ്ദത്തോളമായി. പക്ഷേ, അവളുടെ ജീവിതം ഇപ്പോഴും എനിക്കൊരു വലിയ വെല്ലുവിളിയായി, ഒരു ഉത്തേജനമായി നിലകൊള്ളുന്നുണ്ട്. പലപ്പോഴും എന്റെ സ്വന്തം പ്രശ്നങ്ങളിൽ ഞാൻ ഉഴലുകയും, അതേസമയം മറ്റുള്ളവരെ സഹായിക്കേണ്ടിവരികയും ചെയ്യുന്ന സാഹചര്യങ്ങളിൽ എനിക്ക് ഈർഷ്യ തോന്നാറുണ്ട്. എന്നാൽ ആ സമയങ്ങളിലൊക്കെ എന്റെ കാതുകളിൽ അവളുടെ ആ വാക്കുകൾ മുഴങ്ങും: 'യേശുവിനെപ്പോലെ ആകുകയെന്നാൽ യേശു ചിന്തിച്ചതുപോലെ ചിന്തിക്കുകയും യേശു പ്രവർത്തിച്ചതുപോലെ പ്രവർത്തിക്കുകയും ചെയ്യുകയെന്നതാണ്.'

അതൊരു വലിയ വിസ്മയം തന്നെയാണ്. അപ്പോഴെന്റെ ഈർഷ്യയും സ്വാർത്ഥതയും എങ്ങോട്ടോ പോയ്മറയും. യേശുവിന്റെ ആ സ്നേഹം, ചുറ്റുമുള്ളവരിലേക്ക് പകരുന്ന ഒരു ചെറിയ ഉപകരണമാകാൻ ഞാൻ ആഗ്രഹിക്കുന്നതും അതുകൊണ്ടുതന്നെയാണ്. •

**പേജ് 10 ൽ നിന്ന്... വിശ്വാസത്തിന്റെ സാക്ഷികൾ**

ആർക്കെങ്കിലും നിത്യതയെ സംബന്ധിച്ച് ഉറപ്പില്ലെങ്കിൽ ആ വ്യക്തി വിശ്വാസിയല്ല. കാരണം അയാൾക്ക് ആശിക്കുന്ന കാര്യങ്ങളിൽ ഉറപ്പില്ല. ഇന്ന് വളരെ സൂത്രത്തിൽ സാത്താൻ അനേകം ആളുകളെ സത്യവിശ്വാസത്തിൽ നിന്ന് വഞ്ചിച്ച് അകറ്റിയിരിക്കുന്നു എന്നത് ഞെട്ടിപ്പിക്കുന്ന ഒരു കാര്യമാണ്.

പലരും കരുതുന്നത് തങ്ങൾ സഭയിൽ വരുന്നതുകൊണ്ട് വിശ്വാസികളാകുന്നു എന്നാണ്. അവരിൽ ചിലർ കരുതുന്നത് തങ്ങൾ മോഹിക്കുന്നതെല്ലാം നടക്കും എന്ന് വിശ്വസിക്കുന്നതുകൊണ്ട് തങ്ങൾ വിശ്വാസികളാണെന്നാണ്. എന്നാൽ യഥാർത്ഥ പ്രത്യാശയുടെ ഉറപ്പ് പ്രാപിച്ചവർ വളരെ കുറവാണ്. ഈ പ്രത്യാശയെക്കുറിച്ചോ നിത്യതയെക്കുറിച്ചോ ഇന്ന് ആരുംതന്നെ സംസാരിക്കാത്തതുകൊണ്ട് രക്ഷാകരമായ വിശ്വാസം എന്നത് അപൂർവ്വമായി മാറിയിരിക്കുന്നു. ഇന്ന്, പ്രത്യാശിക്കുന്നതിന്റെ ഉറപ്പ് എന്നുള്ള ദൈവികവചനത്തിന്, ഒരാൾ മോഹിക്കുന്നതിന്റെ എല്ലാം ഉറപ്പ് എന്ന് അർത്ഥവ്യതിയാനം വരുത്തിയിരിക്കുന്നു. ഈ 'അഭിവൃദ്ധിയുടെ സുവിശേഷം' അനേകരെ ലോകത്തിന്റെ അടിമകളും വിശ്വാസമില്ലാത്തവരും ആക്കിയിരിക്കുന്നു. എന്നാൽ വിശ്വാസം എന്നതിന്റെ ഒരു കപട രൂപം നിലനിൽക്കുന്നതിനാൽ തങ്ങളുടെ വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു എന്ന് ബഹുഭൂരിപക്ഷവും തിരിച്ചറിയുന്നുമില്ല. അതുകൊണ്ട് യഥാർത്ഥ വിശ്വാസത്തിനായി പോരാടേണ്ടത് ഇക്കാലത്ത് ഏറ്റവും അത്യാവശ്യമാണ്.



ഫ്രാൻസിസ് ഫ്രാങ്കിപ്പെൻ

# ആത്മീയ ശിക്ഷണത്തിലൂടെ ദൈവരാജ്യം...

സൗമ്യതയുള്ള ജീവിതത്തിലേക്ക് പ്രവേശിക്കാൻ മനുഷ്യന് മുന്നിൽ രണ്ടുവഴികൾ തുറന്നുകിടക്കുന്നു. സ്വയം താഴ്ത്തുക, അല്ലെങ്കിൽ മരുഭൂമിയുടെ അനുഭവത്തിലൂടെ ദൈവത്താൽ നയിക്കപ്പെടുക. ഇരുവഴികളും നമ്മുടെ ഹൃദയത്തെ ഒരു വിശുദ്ധാവസ്ഥയിലേക്ക് നയിക്കാനാണ് ദൈവം രൂപകൽപ്പന ചെയ്തിരിക്കുന്നത്. അതായത് ക്രിസ്താനുരൂപതയിലേക്ക് വളരുന്ന അനുഭവം. ജീവിതത്തിലെ ചില കഠിനസാഹചര്യങ്ങൾ നിമിത്തം താൽക്കാലികമായി വിനയപ്പെടുവാൻ നാം നിർബന്ധിതരായിട്ടുണ്ടാകാം. സാമ്പത്തികമായും ആരോഗ്യപരമായും സാഹചര്യങ്ങൾ അനുകൂലമായപ്പോൾ താഴ്മയുടെ ജീവിതത്തിനു മങ്ങലുണ്ടായി. 'ഞാനെന്ന ഭാവം' വീണ്ടും തലപൊക്കി. ദൈവം ആഗ്രഹിക്കുന്നത് 'കാറ്റടിച്ച് അലയുന്ന കടൽത്തിര പോലെ' അസ്ഥിരനാകുവാനല്ല. പ്രത്യുത, യേശുവിനെപ്പോലെ സ്വാഭാവികമായി താഴ്മ ആർജ്ജിക്കുവാനാണ്.

വലിയവർ എന്നഭാവം ഉള്ളവർക്ക് ദൈവരാജ്യത്തിലിടമില്ല. ദൈവം ശക്തമായി ഉപയോഗിക്കാൻ തിരഞ്ഞെടുത്ത, തകർന്നും നുറുങ്ങിയുമുള്ള ഹൃദയങ്ങളുള്ളവർ മാത്രമേ ദൈവരാജ്യത്തിൽ കാണുകയുള്ളൂ. നാം എളിമയുള്ളവരാണെന്ന് എങ്ങനെ അറിയാം? ദൈവം സംസാരിക്കുമ്പോൾ നമ്മുടെ ഹൃദയം വിറയ്ക്കുന്നുവെങ്കിൽ, അതാണ് അടയാളം. ദൈവം, തന്റെ വചനത്തിൽ വിറയ്ക്കുന്ന പുരുഷന്മാരെയും സ്ത്രീകളെയും അന്വേഷിക്കുന്നു. അത്തരം ഹൃദയങ്ങളിൽ ദൈവാത്മാവ് വസിക്കുന്നു; അവർ സർവ്വശക്തന്റെ വാസസ്ഥലങ്ങളാകുന്നു. 'വിനയശീലരും മനസ്സു തകർന്നവരും എന്റെ വചനത്തിൽ വിറയ്ക്കുന്നവരുമായ മനുഷ്യരെയാണ് ഞാൻ കരുണയോടെ കടാക്ഷിക്കുന്നത്' (യെശയ്യാവ് 66:2 ).

യഥാർത്ഥ സൗമ്യതയുടെ ആത്മാവിൽ ജീവിക്കുന്നവർ ജഡമോഹങ്ങളുടെ ശക്തിയെ ക്ഷയിപ്പിക്കുന്നു. ഭൗതിക ചിന്തകൾ സ്വർഗ്ഗീയ ചിന്തകൾക്ക് വഴി മാറുന്നു. ദൈവത്തിന്റെ വിശുദ്ധദൃഷ്ടിക്ക് മുമ്പിൽ നാം നമ്മെ താഴ്ത്തുമ്പോൾ വചനവെളിച്ചത്തിൽ നമ്മുടെ ആത്മാവിലെ ഇരുട്ട് ബോധ്യപ്പെടുന്നു. എളിമയുടെ തുടക്കം സത്യസന്ധതയിലാണ്. ഞാൻ പാപം ചെയ്തു എന്ന അനുതാപത്തോടെയുള്ള ആത്മാർത്ഥമായ ഏറ്റുപറച്ചിൽ നമ്മെ ദൈവത്തിന്റെ പക്ഷത്ത് നിർത്തുന്നു. സ്വയം ന്യായീകരിക്കാനല്ല, മറിച്ച്, ശുദ്ധീകരിക്കപ്പെടാനാണ് നാം ദൈവസന്നിധിയിൽ എത്തുന്നത്. ഈ ആത്മപരിശോധനയുടെ നിമിഷത്തിലാണ് ആത്മികവും ശാരീരികവുമായ രോഗശാന്തിയുടെയും ജീവിത രൂപാന്തരത്തിന്റെയും പ്രക്രിയ നമ്മിൽ ആരംഭിക്കുന്നത്. വാഞ്ചയോടെ നാം അതിനായി സമർപ്പിക്കേണ്ടത് അനിവാര്യം.

'താഴ്മയുള്ളവരായിരിക്കുവിൻ' എന്ന് വചനം നമ്മോട് ആവശ്യപ്പെടുന്നു. ദൈവത്തെ അനുസരിക്കണമോ വേണ്ടയോ എന്നുള്ളത് വ്യക്തിയുടെ തീരുമാനമാണ്. ദൈവം നമ്മെ ഒരിക്കലും ബലമായി താഴ്ത്തുന്നില്ല, നാം അത് തിരഞ്ഞെടുക്കുകയാണ് വേണ്ടത്. യേശുകർത്താവ് പറഞ്ഞു: അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങൾക്ക് വിശ്രമം തരാം. ഞാൻ സൗമ്യനും ഹൃദയവിനീതനുമാണ് (മത്തായി 11:28-29). യേശുവിന്റെ പ്രതിച്ഛായയിൽ രൂപപ്പെടാൻ ആഗ്രഹിക്കുന്നുവെങ്കിൽ, സൗമ്യതയുടെയും താഴ്മയുടെയും വഴിയാണ് നാമും തിരഞ്ഞെടുക്കേണ്ടത്. കാറ്റിനെയും കടലിനെയും ശാന്തമാക്കുവാനുള്ള അധികാരം യേശുവിനുണ്ടായിരുന്നു; എന്നാൽ മനുഷ്യഹൃദയങ്ങളെ കീഴടക്കുവാൻ അവിടുന്ന് തിരഞ്ഞെടുത്ത വഴി അധികാരത്തിന്റെ വഴിയല്ലായിരുന്നു, കരുണയുടേയും സ്നേഹത്തിന്റെയും താഴ്മയുടേയും ക്ഷമയുടെയും വഴിയായിരുന്നു. യേശുവിന്റെ വാക്കുകൾ മൃദുവായിരുന്നു; എന്നാൽ അവയിൽ സത്യത്തിന്റെ ദൃഢത ഉണ്ടായിരുന്നു. അവിടുത്തെ നിശ്ശബ്ദതയിൽപ്പോലും ആത്മീയ മഹത്വത്തിന്റെ ആഴം നിറഞ്ഞിരുന്നു.


പുറമേ പ്രകടിപ്പിക്കുന്ന കൃത്രിമ ലാളിത്യമല്ല വിനയം; അത് ആത്മാവിന്റെ ഉള്ളറകളിൽ നിന്നുയരുന്ന സത്യസന്ധമായ ഹൃദയാവസ്ഥയാണ്. സ്വർഗ്ഗീയമഹത്വത്തിന്റെ ഉടമയായവൻ മനുഷ്യരോടൊപ്പം നടന്നു; അവരുടെ വേദനകളെ തൊട്ടറിഞ്ഞു; അവരുടെ കണ്ണുനീരിൽ പങ്കുചേർന്നു. ശിഷ്യന്മാരുടെ കാൽ കഴുകിയ യേശു, വാക്കുകളാൽ മാത്രമല്ല, പ്രവൃത്തിയാലും വിനയം പഠിപ്പിച്ചു. ഗുരുവായവൻ ദാസന്റെ പദവിയിലേക്ക് ഇറങ്ങിവന്നത് വിനയത്തിന്റെ മാതൃകാപരമായ ഉദാഹരണമാണ്. സൗമ്യതയും വിനയവും ഒരുമിച്ചുചേരുമ്പോൾ ദൈവഹൃദയം നമ്മുടെ ഉള്ളിൽ തെളിയും. കോപം മരിക്കുന്നിടത്ത് സൗമ്യത ജീവിക്കുന്നു. അഹങ്കാരത്തിന്റെ കൊടുമുടിയെ വിനയം നിരപ്പാക്കുന്നു. അതുകൊണ്ട് യേശുവിനെ അനുഗമിക്കുന്നത് അത്ഭുതങ്ങളെ ആസ്വദിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല; യേശുവിന്റെ ഹൃദയഭാവം ധരിക്കുവാനും ദിവ്യസ്വഭാവത്തിന്റെ കൂട്ടാളികളാകുവാനുമാണ് നാം വിളിക്കപ്പെട്ടത്. സൗമ്യതയും വിനയവും കൈവിടാതിരിക്കുക; നിഗളവും അഹങ്കാരവും വെടിഞ്ഞ് താഴ്മയിൽ നിലകൊള്ളുക. ഇതാണ് യേശുവിന്റെ സൗമ്യതയും ഹൃദയവിനയവും നമ്മെ പഠിപ്പിക്കുന്ന പാഠം.

ആവർത്തനം 8:2,3 വാക്യങ്ങളിൽ മരുഭൂമിയുടെ അനുഭവത്തെക്കുറിച്ച് ദൈവം ഇസ്രായേൽ മക്കളെ ഓർമ്മിപ്പിക്കുന്നു. മരുഭൂമിയുടെ ലക്ഷ്യം അവരുടെ മനോഭാവത്തെ തകർക്കുക മാത്രമായിരുന്നില്ല, 'മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നുള്ള ഓരോ വാക്കുകൊണ്ടും ജീവിക്കുന്നു' എന്ന് പഠിപ്പിക്കുവാനും കൂടിയായിരുന്നു. മനുഷ്യരിലും, പ്രഭുക്കന്മാരിലും, സമ്പത്തിലും, ദൈവത്തിലല്ലാത്ത മറ്റു സകലത്തിലുമുള്ള നമ്മുടെ ആശ്രയങ്ങൾ തകർത്ത്, ദൈവത്തിൽ മാത്രം ആശ്രയിക്കാൻ പഠിപ്പിക്കുന്നു മരുഭൂമിയുടെ അനുഭവങ്ങൾ. അവിടെ നമ്മുടെ അഹങ്കാരവും നിഗളവും ഉരുകുന്നു.

പരിശുദ്ധാത്മാവിന്റെ ശബ്ദം കേൾക്കാനുള്ള വഴിയും വാഞ്ചയുമാണ് നമ്മുടെ എളിമ! യോഹന്നാൻ 10:27 ൽ യേശു പറയുന്നു: 'എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറിയുന്നു, അവ എന്നെ അനുഗമിക്കുന്നു'. ഹൃദയം കഠിനമാകുമ്പോൾ ദൈവശബ്ദം മങ്ങിപ്പോകുന്നു. ഹൃദയം വിനീതമാകുമ്പോൾ ദൈവശബ്ദം വ്യക്തമായി കേൾക്കുന്നു. താഴ്മയുള്ളവൻ പരിശുദ്ധാത്മാവിന്റെ ശബ്ദം കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ഈ പ്രക്രിയയെ ഹൃദയപൂർവ്വം സ്വീകരിക്കാത്തപക്ഷം, നാം ഇരട്ടമുഖത്തോടെയുള്ള കപടഭക്തിയുടെ ജീവിതത്തിലേക്ക് വഴുതിപ്പോകും. ദൈവം, നമ്മിൽ ഒരേയൊരു മുഖം, ക്രിസ്തുവിന്റെ മുഖം മാത്രമേ കാണുവാൻ ആഗ്രഹിക്കുന്നുള്ളൂ.

കർത്താവേ, എന്നെ താഴ്ത്തണമേ എന്ന് പ്രാർത്ഥിക്കുക എളുപ്പമാണ്. എന്നാൽ അതിനുമുമ്പ്, ദൃഢനിശ്ചയത്തോടെ താഴ്മയുടെ മനോഭാവം അനുസരിച്ച്, യേശു നമ്മിൽ ജീവിക്കുവാനുള്ള വഴി, നാം തന്നെ തിരഞ്ഞെടുക്കണം. ഇന്നത്തെ തിരഞ്ഞെടുപ്പ് നാളത്തെ ആത്മീയ ഉയർച്ചയെ നിർണ്ണയിക്കും. ഹൃദയത്തിലെ വിനയം ക്രിസ്തുവിന്റെ നീതിയിൽ ജീവിക്കുവാനുള്ള വിശപ്പും ദാഹവും നമ്മിലുളവാക്കും. അതിനാൽ എളിമയുടെ പാത തിരഞ്ഞെടുക്കുക, സൗമ്യതയുടെ വഴിയിൽ സഞ്ചരിക്കുക, അങ്ങനെ ദൈവരാജ്യം അവകാശമാക്കുക. •





അനു ഗ്രേസ് ചാക്കോ

# പ്രതികരണങ്ങളെ നിയന്ത്രിക്കുക...

മനുഷ്യബന്ധങ്ങളുടെ ലോകം പലപ്പോഴും സങ്കീർണ്ണമാണ്. നമുക്ക് ഇഷ്ടമില്ലാത്ത ഒരാളുടെ വാക്കുകളും പ്രവൃത്തികളും ശീലങ്ങളും ചിലപ്പോഴൊക്കെ നമ്മിൽ അസ്വസ്ഥതയും സംഘർഷവും ഉളവാക്കാറില്ലേ? അത്തരം സാഹചര്യങ്ങളിൽ സാധാരണയായി നമ്മിൽ പലരും ചെയ്യുന്നത് പ്രശ്നത്തെക്കാൾ, പ്രശ്നം സൃഷ്ടിച്ച വ്യക്തിയെ ലക്ഷ്യമാക്കി പ്രതികരിക്കുകയാണ്. എന്നാൽ ജീവിതത്തിന്റെ യഥാർത്ഥ ജ്ഞാനം നമ്മെ പഠിപ്പിക്കുന്നത് മറ്റൊരു വഴിയാണ്. പ്രശ്നക്കാരനെ കാര്യമാക്കാതെ, പ്രശ്നത്തെ തന്നെ കൈകാര്യം ചെയ്യുക എന്നതുതന്നെ. ഈ രീതിയിൽ ഒരു വ്യക്തി പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നത് അയാളുടെ ദൗർബല്യമോ കഴിവില്ലായ്മയോ ആയി കാണുകയും വേണ്ട. മറിച്ച്, അത് മാനസിക പക്വതയുടെ അടയാളമാണ്. പ്രശ്നക്കാരനായ ഒരു വ്യക്തിയെ ശത്രുവായി കാണുമ്പോൾ അവന്റെ ഓരോ വാക്കും പ്രവൃത്തിയും നമ്മിൽ കൂടുതൽ കോപവും പ്രതിരോധവും വളർത്തും. എന്നാൽ പ്രശ്നത്തെ, കാരണക്കാരനായ വ്യക്തിയിൽ നിന്ന് വേർതിരിച്ച് കാണാൻ കഴിഞ്ഞാൽ, ശാന്തമായി, പക്വതയോടെ വിലയിരുത്താനും പരിഹരിക്കാനും കഴിയും. യേശുകർത്താവ് പാപിയെ സ്നേഹിച്ച്, പാപിയിലുള്ള പാപത്തെ കൈകകാര്യം ചെയ്ത രീതി മാതൃകയാക്കാവുന്ന ഉത്തമ ഉദാഹരണമാണ്.

പ്രശ്നവും വ്യക്തിയും ഇവ രണ്ടും വേറിട്ട രണ്ടു യാഥാർത്ഥ്യങ്ങൾ ആണ്. ഒരു വ്യക്തി പ്രശ്നക്കാരൻ ആകുവാൻ പല കാരണങ്ങളുണ്ടാകാം. മനുഷ്യന്റെ സ്വഭാവം പല ഘടകങ്ങളാൽ രൂപപ്പെടുന്നതാണ്. അനുഭവങ്ങൾ, വികാരങ്ങൾ, സാഹചര്യങ്ങൾ, സമ്മർദ്ദങ്ങൾ, കൂട്ടുകെട്ടുകൾ, സ്വാധീനങ്ങൾ, പ്രലോഭനങ്ങൾ എന്നിവ ഇവയിൽ ചിലതു മാത്രമാണ്. കൂടാതെ ഒരു മനുഷ്യനെ നല്ലവനാക്കുന്നതിലും മോശക്കാരനാക്കുന്നതിലും ആ വ്യക്തിയിൽ ഏത് ആത്മാവാണോ വസിക്കുന്നത് എന്നുള്ളതും പ്രധാന ഘടകമാണ്. ചില ദുരാത്മാക്കൾ മനുഷ്യരെ പ്രശ്നക്കാരാക്കാറുണ്ട്. ഗദരദേശത്തെ ഭൂതഗ്രസ്തൻ വീട്ടുകാർക്കും നാട്ടുകാർക്കും പ്രശ്നക്കാരൻ ആയി ജീവിച്ചത് ബൈബിളിലെ ഒരു ഉദാഹരണം മാത്രം. അതുകൊണ്ടുതന്നെ ചിലപ്പോൾ ഒരാൾ പ്രശ്നക്കാരനായി പെരുമാറുന്നത് അയാളുടെ ഉള്ളിലെ ഇപ്രകാരമുള്ള, മേലുദ്ധരിച്ച ഏതെങ്കിലുമൊക്കെ പൈശാചിക സ്വാധീനത്തിന്റെ പ്രതിഫലനമായിരിക്കാം. അത്തരം സാഹചര്യത്തിൽ വ്യക്തിയെ മാത്രം കുറ്റപ്പെടുത്തുന്നത് പ്രശ്നം കൂടുതൽ വഷളാക്കും.

ഒരു പ്രശ്നം നേരിടുമ്പോൾ ആദ്യം ഉയരുന്നത് വികാരങ്ങളാണ്. കോപം, നിരാശ,

അപമാനം എന്നിങ്ങനെയുള്ള തെറ്റായ വികാരങ്ങൾക്കിടയിൽ, ശാന്തമായി ചിന്തിക്കുവാൻ കഴിയുന്നവനാണ് പ്രശ്നങ്ങളെ സമചിത്തതയോടെ കൈകാര്യം ചെയ്യുന്നത്. വികാരത്തിന്റെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങൾ പലപ്പോഴും പുതിയ പ്രശ്നങ്ങൾ ആയിരിക്കും സൃഷ്ടിക്കുക. അതിനാൽ പ്രശ്നം വന്നാൽ ആദ്യം ചോദിക്കേണ്ട ചോദ്യം ഇതാണ്: ഇപ്പോൾ ഇക്കാര്യത്തിൽ വ്യക്തിയോട് മുഷിഞ്ഞു സംസാരിക്കേണ്ടതുണ്ടോ? അതോ ആത്മസംയമനം പാലിച്ച് നിശ്ശബ്ദനായിരിക്കണമോ? ഈ ചോദ്യം അപരന്റെ പ്രശ്നത്തെ ശരിയായ ദിശയിൽ കണ്ട് വിലയിരുത്താൻ സഹായിക്കും. അതിനാൽ വികാരത്തെക്കാൾ വിവേകത്തോടു കൂടിയ ഇടപെടലുകളായിരിക്കും എപ്പോഴും ഉചിതം.

പ്രശ്നം കൂടുതൽ വലുതാകുന്നത് അനാവശ്യമായ വാക്കുകളുടെ അശ്രദ്ധയോടെയുള്ള പ്രയോഗം നിമിത്തമായിരിക്കാം. ചിന്തിക്കാതെ പറയുന്ന വാക്കുകൾക്ക് പകരം നിശബ്ദത അനിവാര്യമാണ്. 'എല്ലാ മനുഷ്യരും കേൾക്കാൻ വേഗവും, സംസാരിക്കാൻ സാവധാനതയും, കോപിക്കാൻ താമസവും ഉള്ളവരായിരിക്കണം' എന്നാണല്ലോ തിരുവെഴുത്തും നമ്മെ പ്രബോധിപ്പിക്കുന്നത്. നിശബ്ദത കഴിവില്ലായ്മയോ, ദൗർബല്യമോ ആയി കാണരുത്. മറിച്ച്, അത് വികാരങ്ങളെ ശാന്തമാക്കുന്ന ഒരു ഇടവേളയാണ്. ആ ഇടവേളയിൽ നമുക്ക് കാര്യങ്ങളെ വ്യക്തമായി വിചിന്തനം ചെയ്യുവാൻ കഴിയും. അതേസമയം, ആവശ്യമുള്ളപ്പോൾ സ്നേഹത്തിൽ സത്യം സംസാരിക്കുന്നത് ഒഴിവാക്കാനും പാടില്ല. വ്യക്തിയെ കുറ്റപ്പെടുത്താതെ പ്രശ്നത്തെക്കുറിച്ച് സംസാരിക്കാൻ കഴിയുമ്പോൾ, പരിഹാരത്തിന് വഴികൾ തുറക്കും. 'നീയാണ് തെറ്റുകാരൻ' എന്ന ഭാഷയ്ക്ക് പകരം, ഈ സാഹചര്യത്തിൽ 'നിനക്ക് എന്താണ് സംഭവിച്ചത്' എന്ന ചോദ്യം ബന്ധങ്ങളെ സംരക്ഷിക്കുകയും പ്രശ്നത്തെ വെളിപ്പെടുത്തുകയും ചെയ്യും.

പ്രശ്നക്കാരനെ അവഗണിച്ചുകൊണ്ട് പ്രശ്നത്തെ മാത്രം കൈകാര്യം ചെയ്യുക എന്നതിന് എല്ലാം സഹിച്ചുകൊണ്ടിരിക്കുക എന്നർത്ഥമില്ല. ബന്ധങ്ങൾ നിലനിറുത്തുവാൻ വേണ്ടി ചിലപ്പോൾ വ്യക്തമായ അതിരുകൾ സൂക്ഷിക്കേണ്ടതുണ്ട്. കാരണം പരസ്പര ബഹുമാനം നഷ്ടപ്പെടുന്നിടത്ത് സമാധാനം നിലനിൽക്കില്ല. അതുകൊണ്ടുതന്നെ,

**വികാരത്തെക്കാൾ വിവേകത്തോടുകൂടിയ ഇടപെടലുകളായിരിക്കും എപ്പോഴും ഉചിതം.**

മാന്യമായ രീതിയിൽ 'ഇവിടെവരെ മാത്രം' എന്ന് പറയാനുള്ള ധൈര്യവും മനോഭാവവും ഈ സമീപനത്തിന്റെ ഭാഗമാണ്. അതിരുകൾ സൂക്ഷിക്കുന്നത് വൈരാഗ്യമോ പിണക്കമോ അല്ല, ആരോഗ്യകരമായ ബന്ധങ്ങളുടെ അടിസ്ഥാനം തന്നെയാണ്.

ഉദാഹരണമായി തെറ്റായ സാഹചര്യത്തിൽ ഒരാൾ ജീവിച്ചത് നിമിത്തം ആയിരിക്കും ആ വ്യക്തി പ്രശ്നക്കാരൻ ആയി മാറിയത്. തെറ്റിപ്പോകാനിടയാക്കിയ സാഹചര്യത്തിൽ നിന്നും ആ വ്യക്തിയെ ക്രമേണ മാറ്റിനിറുത്തിയാൽ അയാളുടെ പ്രശ്നത്തെ എളുപ്പത്തിൽ പരിഹരിക്കാം. പക്ഷേ സാഹചര്യങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കാതെ ആ വ്യക്തിയോട് പ്രതികരിച്ചാൽ ബന്ധങ്ങളെയും മനസ്സിനെയും അത് തകർത്തെന്നും വരാം.

എല്ലാക്കാര്യങ്ങൾക്കും മനുഷ്യരെ കുറ്റപ്പെടുത്താതെ സാഹചര്യങ്ങളെ മനസ്സിലാക്കാൻ കഴിയുന്നവർ ഉയർന്ന മാനസിക പക്വത കൈവരിച്ചവരാണ്. ദൈവിക വീക്ഷണത്തിൽ നോക്കുമ്പോൾ അപരനുമായുള്ള ഓരോ സംഘർഷവും അസ്വാരസ്യവും, നമ്മുടെ ഉള്ളിലെ ക്ഷമ, കരുണ, വിവേകം എന്നിവയെ വളർത്തുവാനുള്ള അവസരമായി ദൈവം മാറ്റുന്നു എന്നാണ് ചിന്തിക്കേണ്ടത്. ഇത്തരം സാഹചര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നത് ലളിതമായ ഒരു സത്യമാണ്. എന്നുവച്ചാൽ, പ്രശ്നങ്ങളെ ജയിക്കുന്നതിനു മുമ്പ് നമ്മുടെ പ്രതികരണങ്ങളെ നിയന്ത്രണവിധേയമാക്കി അതിനെ ജയിക്കുവാൻ നാം പഠിക്കണം എന്നാണ്.

ആർക്കും ഒരിക്കലും ജീവിതത്തിൽ പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയില്ല; എന്നാൽ അവയെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് പഠിക്കുവാൻ കഴിയും. പ്രശ്നക്കാരനെ ശത്രുവായി കാണുമ്പോൾ സംഘർഷം വർദ്ധിക്കും; ബന്ധങ്ങൾ ഉടയും. പക്ഷേ പ്രശ്നത്തെ പ്രാർത്ഥനയോടും ദൈവാശ്രയത്തോടും ശാന്തതയോടും ബുദ്ധിയോടും കൈകാര്യം ചെയ്യുമ്പോൾ പരിഹാരം സാദ്ധ്യമാണ്. പ്രശ്നത്തെ ജയിക്കാനാവുക എന്നതുതന്നെയാണ് യഥാർത്ഥ ജ്ഞാനം. •



**ലിൻഡ മറിയം തോമസ്**

# ഏകസത്യ ദൈവത്തെ അനുഭവിച്ചറിയുക

**കാ**ൽവറിയിൽ ക്രിസ്തു ഒരുക്കിയ 'വലിയ രക്ഷ' വിശ്വാസത്താൽ നാം പ്രാപിക്കുമ്പോഴാണ് ദൈവത്തെ അറിയുന്നതിന്റെ ആരംഭം കുറിക്കുന്നത്. അറിവിന്റെ മറ്റെല്ലാ ശാഖകളും പഠിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണ് ദൈവത്തെ അറിയാനുള്ള വാഞ്ഛ. മറ്റെല്ലാ ശാഖകളും പഠിക്കാൻ വസ്തുനിഷ്ഠമായ ഘടകങ്ങൾ (object lessons) പ്രയോജനപ്പെടുന്നു. എന്നാൽ ദൈവത്തെ അറിവാൻ വസ്തുനിഷ്ഠമായ ഘടകങ്ങളും ആത്മനിഷ്ഠമായ ഘടകങ്ങളും ആവശ്യമാണ്.

ദൈവം നമുക്ക് നൽകിയ വസ്തുനിഷ്ഠ ഘടകങ്ങൾ; നാം അധിവസിക്കുന്ന പ്രകൃതിയും, യേശുക്രിസ്തുവിന്റെ വ്യക്തിത്വവും പ്രവൃത്തിയും ആണ്. ആത്മനിഷ്ഠമായ ഘടകങ്ങൾ; ഒരു വ്യക്തിയുടെ ജീവിതത്തിൽ ദൈവത്തിന്റെ പ്രവർത്തനത്തിലേക്ക് വിരൽ ചൂണ്ടുന്ന വ്യക്തിപരമായ അനുഭവങ്ങൾ, തിരുവചനത്തിൽ മറഞ്ഞു കിടക്കുന്ന മർമ്മങ്ങളുടെ വെളിപ്പെടുത്തലുകൾ എന്നിവയാണ്. അങ്ങനെ ദൈവത്തെക്കുറിച്ചുള്ള അറിവിലേക്ക് വരുന്നവർ ദൈവത്തോടുള്ള കൂട്ടായ്മയിൽ തുടരുന്നു. ദൈവത്തിങ്കലേക്കു നയിക്കുന്ന ഘടകങ്ങളെക്കുറിച്ച് കൂടുതൽ ചിന്തിക്കയും പ്രവർത്തിക്കയും ചെയ്യുന്നു.

എന്നാൽ ദൈവത്തെ അറിയാനും കൂട്ടായ്മയ്ക്കും നാം എത്രത്തോളം സമയം മാറ്റി വയ്ക്കാറുണ്ട്? 'യഹോവയായ ദൈവം മനുഷ്യനെ വിളിച്ചു: നീ എവിടെ എന്നു ചോദിച്ചു' (ഉല്പത്തി 3:9). മന:പ്പൂർവം ആണെങ്കിലും അല്ലെങ്കിലും, ചിലസമയത്തു നമുക്ക് ദൈവത്തേക്കാൾ പ്രായോഗികബുദ്ധി ഉണ്ടെന്ന് തോന്നാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. ഇത് കേവലം മാനുഷികചിന്ത മാത്രമാണ്. സാത്താന്റെ ആലോചന കേട്ടപ്പോൾ ആദാമിനും ഹവ്വയ്ക്കും അതാണ് തോന്നിയത്. ഏതോ അനുഗ്രഹം ദൈവം തങ്ങൾക്കു തടഞ്ഞു വച്ചിരിക്കുന്നു എന്നോ, ദൈവത്തോടൊപ്പം നിന്നാൽ ഇതൊക്കെ ലഭിക്കാൻ കാലതാമസം ഉണ്ടായേക്കും എന്നോ, കിട്ടിയെന്നു തന്നെ വരില്ല എന്നോ, ഉള്ള മാനുഷികബുദ്ധി അവരെ ചിന്താക്കുഴപ്പത്തിലാക്കി. മാനുഷികബുദ്ധി ഉപയോഗിച്ച് അത് നേടാനാവുമെന്നു അവർ കരുതിയിരിക്കാം. അന്നും ഇന്നും മനുഷ്യനെ ചതിക്കുന്ന ഈ തന്ത്രം തിരിച്ചറിഞ്ഞില്ലെങ്കിൽ അത് ആദാമിനെയും ഹവ്വയെയും കീഴടക്കിയത് പോലെ നമ്മെയും കീഴടക്കും.

എന്നാൽ ദൈവം ഏദൻതോട്ടത്തിലെ എല്ലാ ദാനങ്ങൾക്കും ഉപരിയായി വിലമതിക്കാനാകാത്ത ഒരു അനുഗ്രഹവും അവർക്ക് കൊടുത്തിരുന്നു: ദൈവത്തോടൊപ്പം നടന്നു

മുഖാമുഖം ആശയവിനിമയം നടത്താനും, ആഴത്തിൽ ദൈവത്തോടൊപ്പമുള്ള കൂട്ടായ്മ ആസ്വദിക്കുവാനും! സാത്താൻ അടുത്ത് വന്നു ചിന്താക്കുഴപ്പത്തിലൂടെ അവരെ തെറ്റിദ്ധരിപ്പിച്ചപ്പോൾ അവർ നഷ്ടപ്പെടുത്തിയത് ദൈവത്തോടുള്ള കൂട്ടായ്മയാണ്, അത് അവർ തിരിച്ചറിഞ്ഞതുമില്ല. എല്ലാ ദിവസവും തങ്ങൾക്കൊപ്പം നടക്കുന്ന ദൈവത്തോട് ചോദിച്ചിട്ടുമാത്രമേ തങ്ങൾ ഇങ്ങനെ ചെയ്യുകയുള്ളൂ എന്നു പറഞ്ഞിരുന്നു എങ്കിൽ, സാത്താൻ പരാജയപ്പെടുകയും മനുഷ്യചരിത്രം തന്നെ മറ്റൊന്നായി മാറുകയും ചെയ്യുമായിരുന്നു.

ഇന്ന് നാമും നേരിടുന്ന പ്രശ്നം ഇതു തന്നെയാണ്. ദൈവത്തെ അറിയേണ്ടുംവണ്ണം അറിയായ്കയാൽ ദൈവഹിതം തിരിച്ചറിയാൻ കഴിയുന്നില്ല. 'തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയാത്തതിനാൽ മനുഷ്യൻ തെറ്റിപ്പോകുന്നു' എന്ന കർത്തൃവചസ്സിന്റെ അർത്ഥം ഇവിടെ വ്യക്തമാണ്. പലർക്കും ദൈവഹിതം എന്തെന്ന് വചനത്തിൽ അന്വേഷിച്ച് കണ്ടെത്തുവാൻ സമയം ഇല്ല. അതിനാൽ, അങ്ങനെയുള്ളവർ ആത്മിക കാഴ്ചപ്പാടിൽ നിന്നും നശ്വരമായ ഭൗതികജീവിതചര്യകളിലേക്കു നിപതിച്ചിരിക്കുന്നു. ലഭിച്ചിരിക്കുന്ന ആയുസ്സിൽ ആത്മിക കാര്യങ്ങൾക്കു സമയം കണ്ടെത്തി, തക്കത്തിൽ പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ ഗുരുതര ഭവിഷ്യത്തുകൾക്കു അത് കാരണമാകും. ലോകമോഹങ്ങളാൽ സ്വാധീനിക്കപ്പെട്ട മനുഷ്യൻ ദൈവത്തിന്റെ ശത്രുവായി ജീവിക്കുന്നു. എങ്കിലും മനുഷ്യനെ തള്ളിക്കളയാതെ, അവനായിരിക്കുന്ന പാപത്തിന്റെ നാറ്റം വമിക്കുന്ന അവസ്ഥയിലേക്ക് അവനെ തേടിയെത്തുന്ന, നല്ല ഇടയനായ ക്രിസ്തുവിന്റെ സ്നേഹം ഓരോരുത്തരും മനസ്സിലാക്കി ദൈവത്തിങ്കലേക്ക് മനം തിരിയുക എന്നതാണ് ഏക പരിഹാരമാർഗ്ഗം.

സൗമ്യത ഉള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും (മത്തായി 5:5). ഇവിടെ സൗമ്യമായി ജീവിച്ചാൽ ഒരു നേട്ടവും കിട്ടില്ല എന്ന മാനുഷിക ചിന്ത ആണ് ഈ തിരുവചനത്തെക്കാൾ പലരും വലുതായിക്കാണുന്നത്. ഈ വചനം അനുഭവത്തിൽ പ്രാപ്യമാക്കുവാനുള്ള ക്ഷമ പലർക്കുമില്ല. ദൈവം വചനത്തിലൂടെ തരുന്ന വാഗ്ദത്തങ്ങളെ പ്രാപിക്കുവാൻ സൗമ്യത അനിവാര്യമാണ്. ഇത് അനുഭവമാക്കിയവർ നിരന്തരം ദൈവത്തോടുള്ള കൂട്ടായ്മ മുറുകെ പിടിക്കും. അവർ തങ്ങളുടെ ജീവിതത്തിൽ, ഉള്ളതിൽ സംതൃപ്തരുമായിരിക്കും. നിത്യജീവൻ ഉറപ്പാക്കാൻ തിരുവെഴുത്തുകളുടെ വെളിച്ചത്തിൽ അനുദിനവും ജീവിക്കുന്നതിൽ അവർ ശ്രദ്ധാലുക്കളായിരിക്കും. ക്രിസ്തു എങ്ങനെ കാര്യങ്ങളെ കാണുന്നുവോ, വിലയിരുത്തുന്നുവോ അങ്ങനെതന്നെ അവരും പ്രായോഗിക ആത്മിക ജീവിതത്തിൽ ക്രിസ്തുവിനെ അനുകരിക്കുന്നു. എല്ലാം ദൈവം കാണുന്നത് പോലെ കാണുന്നു. ദൈവസ്നേഹത്തോടെ ഇടപെടുന്നു. ക്രിസ്തുവിന്റെ പ്രകാശം പരത്തുന്നു. ക്രിസ്തുവിന്റെ ദിവ്യസ്വഭാവമാകുന്ന സൗരഭ്യവാസന മറ്റുള്ളവരിലേക്ക് പകരുന്നു. രക്ഷയ്ക്കുള്ള ഏക മാർഗ്ഗമായി, സകല നാമത്തിനും മേലായ യേശു എന്ന നാമത്തെ മാത്രം ഉയർത്തുന്നു. ദൈവം അവരെ സ്വന്തജനം എന്ന് വിളിക്കാൻ ലജ്ജിക്കുന്നുമില്ല. •

**മാസിക കൃത്യമായി ലഭിക്കുവാൻ...**

മേൽവിലാസക്കാരനെ അറിയില്ല എന്ന കാരണം കാണിച്ച് പല മാസികകളും ഓഫീസിൽ തിരികെ ലഭിക്കുന്നുണ്ട്. ഇക്കാരണത്താൽ വാടകയ്ക്ക് താമസിക്കുന്നവർ അവരുടെ പുതിയ മേൽവിലാസം ബന്ധപ്പെട്ട പോസ്റ്റ്ഓഫീസിൽ രേഖാമൂലം പോസ്റ്റ്മാസ്റ്ററെ അറിയിക്കേണ്ടതാണ്. ഇതോടൊപ്പം പോസ്റ്റ്മാനേയും വിവരം അറിയിക്കണം. അതുപോലെ ആരുടെയെങ്കിലും മേൽവിലാസത്തിൽ മാറ്റം വരുന്നപക്ഷം പുതിയ മേൽവിലാസവും ഐ ഡി നമ്പറും മാസികയുടെ ഓഫീസിൽ എത്രയുംവേഗം അറിയിക്കേണ്ടതുമാകുന്നു. മാസിക കൃത്യമായി ലഭിക്കുവാൻ ഓരോരുത്തരുടേയും സഹകരണവും അനിവാര്യമാണ്.

കുടിശിക ഉള്ളവർ, ഓഫിസിൽ തിരക്കി എത്രയെന്നു മനസ്സിലാക്കി മാസികയുടെ ബാക്ക് കവറിൽ കൊടുത്തിട്ടുള്ള **Q R** കോഡുപയോഗിച്ച് അടയ്ക്കുകയും, വിവരം ഓഫീസിൽ വിളിച്ചറിയിക്കുകയും ചെയ്യുന്നത് ഈ ശുശ്രൂഷയ്ക്ക് ഒരു വലിയ കൈത്താങ്ങൽ തന്നെയായിരിക്കും.



**വാച്ച്മാൻ നീ**

# എന്തുകൊണ്ട് പ്രവൃത്തിയാൽ അസാധ്യം...?

**എ**ല്ലാവർക്കും വേണ്ടി ദൈവം തുറന്ന ദൈവകൃപയുടെ പാതയെക്കുറിച്ച് എന്താണ് നാം ഗ്രഹിച്ചിരിക്കുന്നത്? മനുഷ്യൻ തന്റെ രക്ഷയ്ക്കായി അനവധി വഴികൾ കണ്ടുപിടിക്കാൻ ശ്രമിച്ചു. ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, സന്യാസം, ഭക്തിമാർഗ്ഗം, സൽപ്രവൃത്തികൾ, നോമ്പുകൾ, നേർച്ചകാഴ്ചകൾ, ശരീരദണ്ഡനം, ഇതെല്ലാം രക്ഷയുടെ അടിത്തറയാണെന്ന് പലരും കരുതുന്നു. എന്നാൽ ദൈവവചനം വളച്ചൊടിക്കാതെ വിനയത്തോടെ വായിക്കുമ്പോൾ അതിന്റെ സാക്ഷ്യം ഒരൊറ്റ ശബ്ദത്തിൽ മുഴങ്ങുന്നു. **രക്ഷയുടെ മാർഗ്ഗം വിശ്വാസം മാത്രമാണ്**. 'വിശ്വാസം', 'വിശ്വസിക്കുക' എന്നീ പദങ്ങൾ തിരുവെഴുത്തിൽ അനവധി തവണ ആവർത്തിക്കപ്പെടുന്നു. രക്ഷ, നീതീകരണം, നിത്യജീവൻ ഇവ എല്ലാം വിശ്വാസത്താലാണെന്നു ബൈബിൾ അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു. മനുഷ്യൻ ദൈവത്താൽ അനുഗ്രഹിക്കപ്പെടുന്നത് സ്വന്തശ്രമങ്ങളാലല്ല; ക്രിസ്തുവിൽ വിശ്വസിക്കുന്നതിലൂടെയാണ്. പ്രവൃത്തിയാൽ രക്ഷ പ്രാപിക്കുവാൻ കഴിയും എന്നു പഠിപ്പിക്കുകയോ വിശ്വസിക്കുകയോ ചെയ്യുന്നവർ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെയും, സ്വയം പാപപരിഹാരയാഗമായി അർപ്പിച്ച, ത്യാഗപൂർണ്ണമായ രക്ഷണ്യ പ്രവൃത്തികളെയും തമസ്ക്കരിക്കുകയാണ് അഥവാ നിസ്സാരവൽക്കരിക്കുകയാണ് ചെയ്യുന്നത് എന്നത് വളരെ ഗുരുതര പ്രത്യാഘാതം ആയിരിക്കും ഉളവാക്കുക.

**രക്ഷ, ദൈവത്തിന്റെ ദിവ്യപ്രവൃത്തി:**

രക്ഷ, മനുഷ്യന്റെ പദ്ധതിയോ പ്രയത്നഫലമോ അല്ല. രക്ഷയുടെ ആശയം ഉദിച്ചതു ദൈവഹൃദയത്തിലാണ്. അതിന്റെ ആസൂത്രണവും ദൈവത്തിന്റേതാണ്. അതിന്റെ പൂർത്തീകരണവും ദൈവം തന്നെയാണ് നടത്തിയത്. പാപത്താൽ മനുഷ്യൻ നഷ്ടപ്പെട്ടപ്പോൾ അന്വേഷിച്ചത് ദൈവമാണ്. മനുഷ്യൻ പാപം ചെയ്തു ഹൃദയം കൊണ്ട് തന്നിൽനിന്നകന്നു, ആത്മീയമായി മൃതാവസ്ഥയിലായപ്പോൾ തേടിച്ചെന്നത് ദൈവമാണ്. മനുഷ്യൻ അശക്തനായപ്പോൾ ക്രിസ്തുവിലൂടെ ശക്തീകരിച്ചത് ദൈവമാണ്. അതുകൊണ്ട് രക്ഷയുടെ കാര്യത്തിൽ എല്ലാം ദൈവം നിർവ്വഹിച്ചു കഴിഞ്ഞിരിക്കുന്നു. മനുഷ്യന്റെ ഭാഗത്ത് ആവശ്യമായത്: അംഗീകരിക്കുക, വിശ്വസിക്കുക, അനുസരിക്കുക എന്നീ പ്രതികരണങ്ങൾ മാത്രം!

**എന്തുകൊണ്ട് വിശ്വാസത്താൽ മാത്രം രക്ഷ?**

ക്രിസ്തുവിലൂടെ മാത്രമാണ് വീണ്ടെടുപ്പ് സാധ്യമായത്, കാരണം ആ വീണ്ടെടുപ്പ് എല്ലാവർക്കും ഒരുപോലെ ലഭിക്കേണ്ടതിനായിരുന്നു. അതിനാൽ ദൈവം അതിനെ അത്യന്തം ലളിതമാക്കി. രക്ഷയ്ക്ക് പ്രവൃത്തികൾ എന്ന നിബന്ധനയായിരുന്നുവെങ്കിൽ... പലർക്കും അത് അസാദ്ധ്യമായേനേ. ആത്മനിയന്ത്രണം, കഴിവുകൾ, കുടുംബമഹിമ, വിദ്യാബഹുത്വം ഇവയിൽ ഏതെങ്കിലും ഒരു മാനദണ്ഡം നിർബന്ധമാക്കിയിരുന്നുവെങ്കിൽ അനേകർ ദൈവരാജ്യത്തിൽ നിന്നും പുറന്തള്ളപ്പെട്ടേനേ. ഒരു പ്രത്യേക പ്രവൃത്തി നിർവ്വഹിക്കാനാകാത്ത പലരുമുണ്ടാകാം. അങ്ങനെയെങ്കിൽ രക്ഷ സർവ്വസാധാരണമാകയില്ലായിരുന്നു. അതിനാൽ ദൈവം, രക്ഷയ്ക്ക് മനുഷ്യന്റെ പ്രവൃത്തികൾ അടിസ്ഥാനമാക്കിയല്ല, 'വിശ്വാസത്തിന്റെ മാർഗ്ഗം' മാത്രമേ അവിടുന്ന് തുറന്നിട്ടുള്ളൂ, അതിലൂടെ ഏവർക്കും കടന്നുവരാം.

**മാനസാന്തരം - മനസിന്റെ രൂപാന്തരം:**

രക്ഷയെക്കുറിച്ചുള്ള ചർച്ചയിൽ മാനസാന്തരം എന്ന പദം പലപ്പോഴും തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നു. പലരും അത് വികാരത്തള്ളലിൽ കണ്ണീരൊഴുക്കുന്നത്, പാപം നിമിത്തം ദുഖിക്കുന്നത്, അല്ലെങ്കിൽ പാപത്തിൽ നിന്ന് പൂർണ്ണമായി തിരിയുന്നത് എന്ന അർത്ഥത്തിൽ മാത്രം കാണുന്നു. എന്നാൽ തിരുവെഴുത്തിന്റെ അടിസ്ഥാനത്തിൽ മാനസാന്തരം എന്നത് മനസിന്റെ സമൂല മാറ്റം എന്നതാണ്. അവിശ്വാസത്തിൽ നിന്ന് വിശ്വാസത്തിലേക്ക് മാറുക. സ്വയം ആശ്രയിക്കുന്ന നിലയിൽ നിന്ന് ക്രിസ്തുവിൽ ആശ്രയിക്കുന്ന നിലയിലേക്ക് കടക്കുക. യോനാ 3:10 ൽ 'ദൈവം അനുതപിച്ചു' എന്നു പറയുമ്പോൾ, 'ദൈവം അവരുടെ അനുതാപത്തെ അംഗീകരിച്ചു' എന്നാണ് അർത്ഥം. അല്ലാതെ ദൈവം പാപത്തെ അവഗണിച്ചു എന്നല്ല. ഇതിലൂടെ മാനസാന്തരം എന്നത് ആന്തരിക മനോഭാവത്തിന്റെ മാറ്റമാണെന്നു വ്യക്തമായി കാണാം. അതുകൊണ്ട് കർത്താവായ യേശു, 'മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുക' എന്നു പ്രഖ്യാപിച്ചപ്പോൾ, ആദ്യം വിശുദ്ധരായി വരിക എന്നല്ല ആവശ്യപ്പെട്ടത്; മറിച്ച് 'അവിശ്വാസത്തിന്റെ ഇരുളിൽ നിന്ന് വിശ്വാസത്തിന്റെ പ്രകാശത്തിലേക്ക് വരിക' എന്നായിരുന്നു.

**പാപത്തിൽ നിന്ന് തിരിയൽ:**

അനുസരണം, സ്നാനം, പാപത്തിൽ നിന്ന് വേർപെട്ട ജീവിതം ഇവ രക്ഷിക്കപ്പെട്ട ജീവിതത്തിന്റെ ഫലങ്ങളാണ്. അവ വിശ്വാസത്തിന്റെ സ്വാഭാവിക വെളിപ്പെടുത്തലാണ്. എന്നാൽ അവ രക്ഷയ്ക്ക് മുൻകൂർ നിബന്ധനകളല്ല. കുരിശിലെ കള്ളന് സ്നാനം ലഭിച്ചില്ല; എങ്കിലും അവൻ വിശ്വസിച്ചു. അതാണ് അവനെ കൃപയുടെ വാതിലിലൂടെ പറുദീസയിലേക്കു കടത്തിയത്. രക്ഷ ലഭിക്കുമ്പോൾ ഹൃദയം മാറുന്നു. ഹൃദയം മാറുമ്പോൾ ജീവിതം മാറുന്നു. എന്നാൽ ജീവിതത്തിലെ മാറ്റം രക്ഷയുടെ ഫലമാണ്. രക്ഷയുടെ ഉറവിടം ദൈവം. രക്ഷയുടെ ഏകവഴി ക്രിസ്തു. രക്ഷയുടെ ആരംഭവും പൂർത്തീകരണവും ദൈവകൃപയാൽ... മനുഷ്യന്റെ പ്രതികരണം വിശ്വാസം മാത്രം.

തിരുവചനാനുസരണമുള്ള വിശ്വാസം എന്ന അനുഭവത്തിലൂടെ ഏത് മനുഷ്യനും ഏത് സാഹചര്യത്തിലും ദൈവകൃപയുടെ ആലയത്തിലേക്ക് പ്രവേശിക്കാം. രക്ഷ ദൂരെയുള്ള ഒരു സ്വപ്നമല്ല; അത് തുറന്നിരിക്കുന്ന ഒരു വാതിലാണ്. ആ വാതിലിന്റെ പേര് വിശ്വാസം. യേശുക്രിസ്തുവിലുള്ള രക്ഷയുടെ സുവിശേഷത്തിന്റെ അന്ത:സത്ത ഇതാണ്: മനുഷ്യൻ തന്റെ പ്രവൃത്തികളാൽ അല്ല, കാൽവറിയിൽ നിവൃത്തിയായ ക്രിസ്തുവിന്റെ പ്രവൃത്തിയാൽ ആണ് രക്ഷിക്കപ്പെടുന്നത്.

മനുഷ്യന് സ്വാഭാവികമായി തോന്നുന്നത്, രക്ഷ നേടാൻ എന്തെങ്കിലും ചെയ്യണം, ഉപേക്ഷിക്കണം, നല്ല പ്രവൃത്തികളിലൂടെ യോഗ്യത തെളിയിക്കണം എന്നതാണ്. എന്നാൽ ദൈവത്തിന്റെ സുവിശേഷം പഠിപ്പിക്കുന്നത്, ഒരു പാപി രക്ഷിക്കപ്പെടുന്നത് അവന്റെ സ്വന്തയോഗ്യതകൊണ്ടല്ല, മറിച്ച് ക്രൂശിൽ പൂർത്തിയാക്കിയ വീണ്ടെടുപ്പിന്റെ പ്രവൃത്തിയിൽ വിശ്വാസം വയ്ക്കുന്നതിലൂടെയാണെന്നാണ്. സത്യവിശ്വാസം പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ അല്ല; അത് കൃപയുടെ സമ്മാനമാണ്. മനുഷ്യൻ തന്റെ രക്ഷയുടെ ഒരു പങ്ക് വഹിക്കാൻ ആഗ്രഹിച്ചാലും, സുവിശേഷം പഠിപ്പിക്കുന്നത് ക്രിസ്തുവിൽ മാത്രം ആശ്രയിക്കാനാണ്. രക്ഷ ഒരു പ്രതിഫലം അല്ല, കൃപയാൽ ലഭ്യമാക്കുന്ന ദൈവാനുഗ്രഹമാണ്. അതുകൊണ്ട് യേശുക്രിസ്തുവിലുള്ള രക്ഷയുടെ സാരം: കൃപയാൽ...വിശ്വാസത്തിലൂടെ...ക്രിസ്തുവിൽക്കൂടി മാത്രം... ●



സുജ വിനു



# മരം എന്ന രൂപകം

തളിരിലകൾ മൂടി പടർന്നുപന്തലിച്ചു നിൽക്കുന്ന മരം കാഴ്ചക്കാരനിൽ കുളിർമ്മ പകരുന്ന ഒരു അനുഭവമായി തീരാറുണ്ട്. മനുഷ്യരെയോ മൃഗങ്ങളെയോ ഇഷ്ടപ്പെടാത്തവർ പോലും, മരങ്ങളെ, പ്രത്യേകിച്ച് വേനൽക്കാലങ്ങളിൽ തണലും ആശ്വാസവും ലഭിക്കും എന്നതിനാൽ ആശ്രയിക്കാറുണ്ട്, ആസ്വദിക്കാറുണ്ട്. സ്വഭാവഗുണം കൊണ്ടോ, രൂപം കൊണ്ടോ മനുഷ്യന് മരങ്ങളോട് ഏറെ സാദൃശ്യങ്ങൾ ഇല്ലെങ്കിലും മനുഷ്യനെ മരത്തോട് ഉപമിക്കുന്ന വചനങ്ങളും സന്ദർഭങ്ങളും ധാരാളം ഉണ്ട്, വേദപുസ്തകത്തിൽ. ഉല്പത്തി മുതൽ വെളിപ്പാട് വരെ മരം എന്ന ഒരു രൂപകം പല രീതിയിൽ പലതവണ ആവർത്തിക്കപ്പെടുന്നു. ജീവന്റെ വൃക്ഷവും, നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും ഉൽപ്പത്തി പുസ്തകത്തിന്റെ ആദ്യതാളുകളിൽ തന്നെ ആഴമേറിയ അർത്ഥങ്ങളെ പ്രതീകവൽക്കരിച്ചുകൊണ്ട് ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്.

സങ്കീർത്തന പുസ്തകത്തിന്റെയും ആദ്യതാളിൽ തന്നെ, മനുഷ്യനെയും മരത്തെയും ചേർത്തുവയ്ക്കുന്ന വരികൾ കാണാം. ‘അവൻ ആറ്റരികത്ത് നട്ടിരിക്കുന്നതും തക്കകാലത്ത് ഫലം കായ്ക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും’ എന്ന് ‘യഹോവയുടെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്ന ഒരുവനെ’ വിശേഷിപ്പിച്ചിരിക്കുന്നു. വചനത്തിൽ വേരൂന്നി വളരുക എന്നു പൗലോസ് തന്റെ ലേഖനങ്ങളിൽ എഴുതുമ്പോൾ ഇതേ രൂപകം ദൃശ്യമാകുന്നുണ്ട്. മരത്തിന് ജലമെന്നപോലെ വിശ്വാസിക്ക് വചനത്തിലുള്ള വേരാഴ്ത്തൽ എത്ര അനിവാര്യമാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു ഈ വരികൾ. സദൃശ്യവാക്യങ്ങൾ 11:30 ൽ നീതിമാനു ജീവവൃക്ഷം പ്രതിഫലം എന്ന് എഴുതിയിരിക്കുന്നു എങ്കിൽ, അതിന്റെ ഇംഗ്ലീഷ് അർത്ഥം നോക്കുമ്പോൾ നീതിമാനിൽ നിന്ന് ജീവവൃക്ഷത്തിന്റെ ഫലം ഉണ്ടാകുന്നു എന്ന ഒരു അർത്ഥവും സാധ്യമാകുന്നുണ്ട്. ഇവിടെയും മനുഷ്യൻ മരങ്ങളെ പോലെ തന്നെ ഫലം പുറപ്പെടുവിക്കേണ്ടവരാണ് എന്ന ആശയം വ്യക്തമാണ്.

ക്രിസ്തുവിന്റെ ഉപമകളിൽ മുന്തിരിത്തോട്ടം ഒരു പ്രധാന സൂചകമാണ്. ഫലം നൽകാത്ത മുന്തിരിത്തോട്ടം വെട്ടി, തീയിൽ എറിയപ്പെടും

**വചനത്തിൽ വേരൂന്നി വളരുക എന്നു പൗലോസ് തന്റെ ലേഖനങ്ങളിൽ എഴുതുമ്പോൾ ഇതേ രൂപകം ദൃശ്യമാകുന്നുണ്ട്. മരത്തിന് ജലം എന്നപോലെ വിശ്വാസിക്ക് വചനത്തിലുള്ള വേരാഴ്ത്തൽ എത്ര അനിവാര്യമാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു ഈ വരികൾ.**

എന്ന പുതിയനിയമ വരികളുടെ ഉത്ഭവം യെശയ്യാവ് 5 ൽ കാണുന്നു. ഞാൻ എന്റെ പ്രിയതമന് ഒരു ഗാനം ആലപിക്കും, തന്റെ മുന്തിരിത്തോപ്പിനെക്കുറിച്ചുള്ള ഗാനംതന്നെ: എന്റെ പ്രിയതമനു ഫലപുഷ്ടിയുള്ള കുന്നിൻചെരിവിൽ ഒരു മുന്തിരിത്തോപ്പ് ഉണ്ടായിരുന്നു. അദ്ദേഹം അതുഴുത് അതിലെ കല്ലുകളെല്ലാം നീക്കിക്കളഞ്ഞു, ഏറ്റവും വിശിഷ്ടമായ മുന്തിരിവള്ളി അതിൽ നട്ടു.അതിന്റെ മധ്യത്തിൽ അദ്ദേഹം ഒരു കാവൽഗോപുരം പണിതു, ഒരു മുന്തിരിച്ചക്കും കുഴിച്ചിട്ടു. അദ്ദേഹം നല്ല മുന്തിരിക്കായി കാത്തിരുന്നു, എന്നാൽ അതിൽ കായ്ച്ചത് കാട്ടുമുന്തിരിയത്രേ. ഇപ്പോൾ യെറുശലേം നിവാസികളേ, യെഹൂദാജനങ്ങളേ, എനിക്കും എന്റെ മുന്തിരിത്തോപ്പിനും മധ്യേ നിങ്ങൾ വിധിയെഴുതുക.

ഞാൻ അതിൽ ചെയ്തതിൽ അധികമായി എന്റെ മുന്തിരിത്തോപ്പിൽ എന്താണ് ചെയ്യേണ്ടിയിരുന്നത്? അതിൽ നല്ല മുന്തിരിങ്ങ കായ്ക്കാൻ ഞാൻ കാത്തിരുന്നപ്പോൾ എന്തുകൊണ്ടാണു കാട്ടുമുന്തിരിങ്ങ കായ്ച്ചത്? അതിനാൽ എന്റെ മുന്തിരിത്തോപ്പിനോടു ഞാൻ എന്തു ചെയ്യുമെന്ന് ഇപ്പോൾ ഞാൻ നിങ്ങളോടു പറയാം: ഞാൻ അതിന്റെ വേലി പൊളിച്ചുകളയും, അതു തിന്നുപോകും; ഞാൻ അതിന്റെ മതിൽ ഇടിച്ചുകളയും, അതു ചവിട്ടി മെതിക്കപ്പെടും. ഞാൻ അതിനെ വിജനദേശമാക്കും, അതിന്റെ തലപ്പുകൾ വെട്ടിയൊരുക്കുകയോ തടം കിളയ്ക്കുകയോ ചെയ്യുകയില്ല, മുള്ളും പറക്കാരയും അതിൽ മുളയ്ക്കും.അതിന്മേൽ മഴ ചൊരിയരുതെന്നു ഞാൻ മേഘങ്ങളോടു കൽപ്പിക്കും (യെശയ്യാവ് 5:16) എന്ന് അരുളിച്ചെയ്യുന്ന യഹോവയെ കാണാം. നല്ല ഫലം പുറപ്പെടുവിക്കേണ്ടുന്ന എല്ലാ സാഹചര്യങ്ങളും ഒരുക്കുന്ന തോട്ടക്കാരനായ ദൈവവും, മുന്തിരിച്ചെടികളാകുന്ന മനുഷ്യരെയും ഇവിടെ കാണുന്നു.

ക്രിസ്തുവോ സ്വയം മുന്തിരിച്ചെടിയോട് ഉപമിക്കുന്നു. ചെടിയിൽ വസിച്ചിട്ടല്ലാതെ കൊമ്പുകൾക്ക് ഫലം കായ്ക്കുക സാധ്യമല്ല എന്നു ക്രിസ്തു പറയുമ്പോൾ, വചനത്തിൽ വളരുന്ന മനുഷ്യൻ, യഹോവയാൽ നട്ടു വയ്ക്കപ്പെടുന്ന മുന്തിരിവള്ളി, ക്രിസ്തുവിൽ നിലനിൽക്കേണ്ടതായ കൊമ്പുകൾ, ഇവയെല്ലാം ഒരേ ആശയത്തെ പ്രതിഫലിപ്പിക്കുന്നു.

**ക്രിസ്തുവോ സ്വയം മുന്തിരിച്ചെടിയോട് ഉപമിക്കുന്നു. ചെടിയിൽ വസിച്ചിട്ടല്ലാതെ കൊമ്പുകൾക്ക് ഫലം കായ്ക്കുക സാധ്യമല്ല എന്നു ക്രിസ്തു പറയുമ്പോൾ, വചനത്തിൽ വളരുന്ന മനുഷ്യൻ, 'യഹോവയാൽ നട്ടു വയ്ക്കപ്പെടുന്ന മുന്തിരിവള്ളി', 'ക്രിസ്തുവിൽ നില നിൽക്കേണ്ടതായ കൊമ്പുകൾ', ഇവയെല്ലാം ഒരേ ആശയത്തെ പ്രതിഫലിപ്പിക്കുന്നു.**

മരത്തിന്റെ വേരുകൾ യഹോവയുടെ ഹിതപ്രകാരമാണ് വളരേണ്ടത് എന്ന് പഠിപ്പിക്കുന്ന ഒരു ഉപമ യെഹെസ്കേൽ 17 ലും കാണുന്നുണ്ട്. ബാബേൽ രാജാവിനെ ഒരു കഴുകനായും, ഇസ്രായേൽ ജനതയെ ദേവദാരു വൃക്ഷമായും, ഇസ്രായേൽ രാജാവിനെ മുന്തിരിച്ചെടിയായും ഉപമിക്കുന്നു ഇവിടെ. 'രാജ്യംതന്നെത്താൻ ഉയർത്താതെ താണിരുന്നു അവന്റെ ഉടമ്പടി പ്രമാണിച്ച് നിലനിന്നു പോരേണ്ടതിന് അവൻ ദേശത്തിലെ ബലവന്മാരെ കൊണ്ടുപോയി. (യെഹെസ്കേൽ 17:14). തന്റെ വള്ളി അവങ്കലേക്ക് തിരിയേണ്ടതും അതിന്റെ വേര് അവനു കീഴ്പ്പെടേണ്ടതും ആയിരുന്നു എന്ന് എഴുതിയിരിക്കുന്നു. എന്നാൽ മറ്റൊരു കഴുകനായ മിസ്രയീമിലേക്ക് വേരുകളെ തിരിക്കുന്ന തന്റെ ജനത്തെ, യഹോവ തിരസ്കരിക്കുന്നു. വേരുകളെ അവങ്കലേക്ക് തിരിച്ച് നല്ല മുന്തിരിവള്ളി ആയിരിപ്പാൻ തക്കവണ്ണം അതിനെ വളരെ വെള്ളത്തിനരികെ നല്ല നിലത്ത് നട്ടിരുന്നു എന്ന് യെഹെസ്കേൽ 17 : 8 ൽ എഴുതിയിരിക്കുന്നതിൽ നിന്ന്, നല്ല നിലത്ത് നട്ടതും ഫലം പുറപ്പെടുവിക്കുന്നതുമായ സസ്യം എന്ന രൂപകവും പഴയനിയമത്തിലും പുതിയനിയമത്തിലും ധാരാളമായി ഉപയോഗിച്ചിരിക്കുന്നു എന്ന് കാണാം.

നിറയെ ഇല തളർത്തിരുന്ന ഒരു അത്തിമരത്തിൽ ഫലം കാണായ്കയാൽ അതിനെ ശപിച്ച് ഉണക്കിക്കളയുന്ന യേശു, മാനസാന്തരത്തിന്

യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുന്നില്ലെങ്കിൽ വൃക്ഷങ്ങളുടെ വേരിനു കോടാലി വയ്ക്കപ്പെട്ടു കഴിഞ്ഞു എന്ന് പ്രഘോഷിക്കുന്ന സ്നാപകയോഹന്നാൻ, നല്ല ഫലം പുറപ്പെടുവിക്കുവാൻ കാട്ടൊലിവിൻ കൊമ്പുകളെ നാട്ടൊലിവിന്റെ കൊമ്പുകളോട് ഒട്ടിച്ചുചേർത്തുവെന്നും ഈ കൊമ്പുകളെ വീണ്ടും വേർപെടുത്തി കളയുക സാധ്യമാണെന്നും എഴുതുന്ന പൗലോസ്, മനുഷ്യൻ ഫലം പുറപ്പെടുവിക്കുന്ന മരങ്ങളാവണം എന്ന് ആവർത്തിക്കുന്നു.

എന്നാൽ മരം എന്ന രൂപകത്തെ വൈരുദ്ധ്യാത്മകമായ ഒരു രീതിയിലും ബൈബിൾ ചിത്രീകരിച്ചിരിക്കുന്നു. ജീവൻ നൽകുന്ന വൃക്ഷഫലം, മനുഷ്യനു ഭക്ഷിക്കുവാൻ അനുവാദം നൽകിയിരുന്നു. പക്ഷേ തൊട്ടരികിലുണ്ടായിരുന്ന അറിവിന്റെ വൃക്ഷം, അതിന്റെ ഫലം ഭംഗി ഉള്ളതായിരുന്നുവെങ്കിലും മരണത്തെ കൊണ്ടുവരുന്നതായിരുന്നു. മരത്തിന്റെ ഫലം ശാപമായി മാറുന്നു. പിന്നീട്, 'മരത്തിൽ തൂങ്ങുന്നവൻ ശപിക്കപ്പെട്ടവൻ' എന്നും, പാപികളെ മരത്തിൽ കെട്ടിത്തൂക്കിയിരുന്നുവെന്നും ആവർത്തനം 21: 23 ൽ വായിക്കാം. ക്രിസ്തു, അതേ മരത്താലേതന്നെ ശാപത്തിൽ നിന്ന് മനവരാശിയെ മോചിപ്പിക്കുന്നു എന്ന വൈരുദ്ധ്യം ദൈവത്തിന്റെ സർവ്വാധികാരത്തിനും സർവ്വജ്ഞാനത്തിനും നിദർശനമായി ബൈബിൾ രേഖപ്പെടുത്തുന്നുണ്ട്. മരത്താലേ വന്ന ശാപം മരത്താലേ നീക്കിക്കളയുന്നതും, ശാപത്തെ സ്വയം വഹിച്ചുകൊണ്ട് ശാപശിക്ഷകളെ ഇല്ലാതാക്കുന്നതും, ദൈവത്തിന്റെ ജ്ഞാനം അല്ലാതെ മറ്റെന്ത്?

മത്തായി 12: 33 ൽ ഇങ്ങനെ കാണുന്നു. ഒന്നുകിൽ മരം നല്ലത്, ഫലവും നല്ലത്, ഫലം കൊണ്ടാണല്ലോ വൃക്ഷം തിരിച്ചറിയപ്പെടുന്നത്, യൂദായുടെ ലേഖനം പന്ത്രണ്ടാം വാക്യത്തിൽ വിശ്വാസവഞ്ചകരെ 'രണ്ടുരു ചത്തതും വേരറ്റുപോയതുമായ' മരത്തോട് ഉപമിക്കുന്നു. ക്രിസ്തുവിനെ ദാവീദിന്റെ കുറ്റിയിൽ നിന്നുള്ള 'മുള' എന്നാണല്ലോ വിശേഷിപ്പിക്കുന്നത്. ബൈബിളിൽ ഉടനീളം മരവും ഫലവും പ്രധാന പ്രതീകങ്ങളായി വരുന്നുണ്ട്. ആത്മാവിന്റെ ഫലങ്ങൾ എന്നാണല്ലോ പറയുക. ആദിയിൽ ഒരുഫലം ശിക്ഷയ്ക്ക് കാരണമായെങ്കിൽ ക്രിസ്തുവിന്റെ ആത്മാവ് നിറഞ്ഞവരിൽ, വചനത്തിൽ വേരൂന്നുന്നവരിൽ അനേകം സത്ഫലങ്ങൾ ഉണ്ടാകുമെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ബൈബിളിൽ മരത്തെ എങ്ങനെ അടയാളപ്പെടുത്തിയിരിക്കുന്നു എന്ന അറിവ് അത്ര നിർണ്ണായകമായ ഒന്നല്ല. പക്ഷേ കടൽക്കരയിൽ ചിപ്പി പെറുക്കുന്ന ഒരു കുട്ടിയെ പോലെ ബൈബിളിലെ ഓരോ ചെറിയ പരാമർശങ്ങളും വാക്കുകൾ പോലും ദൈവം എന്ന അഗാധതയുടെ പ്രതിഫലനങ്ങളായി കൂടുതൽ കൗതുകവും അത്ഭുതവും ജനിപ്പിക്കുന്നു. വെളിച്ചം കാറ്റ്, വീട്, സമുദ്രം, ആകാശം, തുടങ്ങി നമ്മുടെ ഭൗമികകാഴ്ചകളിലെ അനേകം സാധാരണ പദങ്ങൾ, വചനത്തിൽ അർത്ഥതലങ്ങളെ ജനിപ്പിക്കുമ്പോൾ കാഴ്ചകൾ വചന ചിന്തകളിലേക്ക് നമ്മെ നയിക്കാൻ ഇടയാവും. വെളിച്ചം ഉണ്ടാകട്ടെ എന്ന് ഒന്നാം ദിവസം പറയുമ്പോൾ ഉണ്ടാകുന്ന വെളിച്ചവും, വെളിച്ചത്തിന് കാരണമായ സൂര്യചന്ദ്രന്മാരാൽ നാലാം ദിവസം ഉണ്ടാകുന്ന വെളിച്ചവും തമ്മിലുള്ള വ്യത്യാസങ്ങളും സാമ്യങ്ങളും ബൈബിളിൽ ഉടനീളം ഉണ്ട്. പരിശുദ്ധാത്മാവായി പരിവർത്തിച്ചു കൊണ്ടിരിക്കുന്ന 'കാറ്റ്' എന്ന രൂപകവും ആദി മുതൽ പല സന്ദർഭങ്ങളിൽ വചനത്തിൽ പരാമർശിക്കപ്പെടുന്നു.

**തന്നെക്കുറിച്ച് അറിയാവുന്നതെല്ലാം പ്രകൃതിയാൽ വെളിവാക്കുന്ന ദൈവത്തിന്റെ മഹാജ്ഞാനവും കരുണയും വചനത്തിലൂടെ നമ്മോട് സംസാരിക്കുമ്പോൾ, വയലിലെ താമരയെപ്പോലെയും, ആകാശത്തിലെ പറവയെപ്പോലെയും, പിതാവിൽ മാത്രം ആശ്രയിക്കുന്ന വരായും, നല്ല ഫലം പുറപ്പെടുവിക്കുന്ന വരായും അഴകുള്ളവരായും അലങ്കരിക്കപ്പെട്ടവരായും തൃപ്തരായി തൃപ്തരാക്കുന്നവരായും മാറുവാൻ....**

തന്നെക്കുറിച്ച് അറിയാവുന്നതെല്ലാം പ്രകൃതിയാൽ വെളിവാക്കുന്ന ദൈവത്തിന്റെ മഹാജ്ഞാനവും കരുണയും വചനത്തിലൂടെ നമ്മോട് സംസാരിക്കുമ്പോൾ, വയലിലെ താമരയെപ്പോലെയും, ആകാശത്തിലെ പറവയെപ്പോലെയും, പിതാവിൽ മാത്രം ആശ്രയിക്കുന്നവരായും, നല്ല ഫലം പുറപ്പെടുവിക്കുന്നവരായും അഴകുള്ളവരായും അലങ്കരിക്കപ്പെട്ടവരായും തൃപ്തരായി, തൃപ്തരാക്കുന്നവരായും മാറുവാൻ നമ്മെ ദൈവം അനുഗ്രഹിക്കട്ടെ. ●

## മത്തായിയുടെ സുവിശേഷത്തിലെ ആത്മികമർമ്മങ്ങൾ



ജോയ് എം. തോമസ്

# അടുക്കെ വാതിൽക്കൽ

***അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ; അതിന്റെ കൊമ്പ് ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ ഇതൊക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതില്ക്കൽതന്നെ ആയിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവിൻ. ഇതൊക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല. ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല. നോഹയുടെ കാലം പോലെതന്നെ മനുഷ്യപുത്രന്റെ വരവും ആകും (മത്തായി 24: 32- 36).***

ഇസ്രായേൽ ദേശത്ത് ധാരാളമായി കാണപ്പെടുന്ന ഒരു ഫലവൃക്ഷം ആണല്ലോ അത്തി. അത്തി തളിർക്കുന്നത് വേനൽക്കാലത്തിന് തൊട്ടുമുമ്പാണ്. അതുകൊണ്ട് അത്തി തളിർക്കുമ്പോൾ വേനൽ അടുത്തു എന്ന് എല്ലാവരും ഓർക്കുന്നു, ഗ്രഹിക്കുന്നു. പഴയകാലങ്ങളിൽ നിഴൽ നോക്കി സമയം മനസ്സിലാക്കുകയും, അത്തി തളിർക്കുന്നതുപോലെ പ്രാദേശികമായി സംഭവിക്കുന്ന പ്രകൃതിയിലെ കാര്യങ്ങൾ വച്ച് കാലങ്ങളുടെ (seasons) മാറ്റം മനസ്സിലാക്കുകയും ചെയ്തിരുന്നുവല്ലോ. അതുപോലെ കർത്താവ് തന്റെ മടങ്ങിവരവിന് അടയാളങ്ങളായി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സംഭവിച്ചുകാണുമ്പോൾ അവിടുന്ന് 'അടുക്കെ വാതിൽക്കൽ തന്നെ ആയിരിക്കുന്നു' എന്ന് അറിയുവാൻ തന്റെ ശിഷ്യന്മാരെ പ്രബോധിപ്പിക്കുന്നു.

അടുക്കെ വാതിൽക്കൽ എത്തിയിരിക്കുന്ന വ്യക്തിക്ക് ഉള്ളിലേക്ക് കടന്നുവരാൻ സമയം എടുക്കില്ല എന്നതുപോലെ, കർത്താവിന്റെ വരവ് സംഭവിക്കുവാൻ സമയം എടുക്കില്ല. അത് ഒരുനിമിഷത്തിൽ സംഭവിക്കും. അതുകൊണ്ട് ഉണർന്നിരിക്കണം, ഒരുങ്ങിയുമിരിക്കണം എന്ന പ്രബോധനം കൂടെക്കൂടെ കർത്താവ് നൽകിയിരിക്കുന്നു. തളിർക്കുന്ന അത്തി, അടുത്തുവരുന്ന വേനലിനെ വിളിച്ചറിയിക്കുന്നതുപോലെ ക്ലേശങ്ങളെ വിളിച്ചറിയിക്കുന്ന സംഭവങ്ങൾ, കള്ളക്രിസ്തുക്കളുടെയും കള്ള അഭിഷിക്തരുടെയും കള്ളപ്രവാചകന്മാരുടെയും രംഗപ്രവേശവും പ്രവർത്തനങ്ങളും, ആഗോളവ്യാപകമായ സാമ്പത്തിക തകർച്ചയും രാഷ്ട്രീയ അസ്ഥിരതയും, ജാതികൾ തമ്മിലും രാജ്യങ്ങൾ തമ്മിലുമുള്ള യുദ്ധങ്ങളും പോർവിളികളും, പ്രകൃതിയിലെ മാറ്റങ്ങളും ക്ഷോഭങ്ങളും തുടങ്ങിയവയെല്ലാം വിളിച്ചറിയിക്കുന്നത് കർത്താവ് അടുക്കെ വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്നാണ്.

കർത്താവ് പറയുന്ന കാര്യങ്ങളുടെ ആധികാരികത ഉറപ്പിക്കുന്നതാണ് കർത്താവിന്റെ തുടർവചനങ്ങൾ. 'ഇതൊക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല'. എത്ര ആധികാരികമായിട്ടാണ് കർത്താവ് ഇത് പറഞ്ഞിരിക്കുന്നത്. ഈ തലമുറ ഒഴിഞ്ഞുപോകയില്ല എന്നതിന് 2 അർത്ഥങ്ങളുണ്ടെന്ന് കരുതാം. **ഒന്നാമതായി,** കർത്താവ് ഇത് സംസാരിക്കുന്നത് എ ഡി 30 നും 33 നും ഇടയ്ക്കാണ്. അന്നത്തെ തലമുറ ഒഴിഞ്ഞു പോകില്ല എന്ന് കർത്താവ് പറഞ്ഞു. യെരുശലേമിന്റെ നാശമാണ് കർത്താവ് പറഞ്ഞതിൽ ഏറ്റവും മുഖ്യമായ വിഷയം. യെരുശലേമിന്റെ നാശവും യഹൂദന്റെ ക്ലേശകാലവും എഡി 70 ൽ സംഭവിച്ചു. കർത്താവ് സംസാരിച്ച തലമുറയിൽ അനേകർ അതിന് സാക്ഷികൾ ആയി. കർത്താവ് തന്റെ മടങ്ങിവരവിനെ കുറിച്ച് പറഞ്ഞതിന്റെ ഏറ്റവും ആധികാരികമായ തെളിവായി ഇത് നിലനിൽക്കുന്നു.

**രണ്ടാമത്തെ** അർത്ഥം, കർത്താവിന്റെ മഹത്വ പ്രത്യക്ഷത വരേയും യഹൂദന്റെ തലമുറ നിലനിൽക്കും. അഥവാ അവർ ഒരു ജാതിയായി, ആർക്കും അവരെ നശിപ്പിച്ചു ഭൂമുഖത്തുനിന്ന് മായിച്ചു കളയുവാൻ കഴിയാതെ നിലനിൽക്കും എന്നതാണ്. ചരിത്രം അതിന് തെളിവാണല്ലോ. എത്രയോ ഭീഷണികൾ നേരിട്ട ജനതയാണ് അവർ. അവരെ ഭൂമിയിൽനിന്ന് നിശേഷം നശിപ്പിക്കുമെന്ന് എത്രയോ അധികാരികൾ ശപഥം ചെയ്തിട്ടുണ്ട്. പക്ഷേ, അവർ ഒരു ജനതയായി ഇന്നും പൂർവ്വാധികം ശക്തിയോടെ നിലനിൽക്കുന്നു. കർത്താവിന്റെ മടങ്ങിവരവിനെ ഉദ്ഘോഷിക്കുന്ന ഒരു സന്ദേശമാണ് യഹൂദാജനം നൽകുന്നത്.

അത്തി തളിർക്കുന്നതുപോലുള്ള യഹൂദന്റെ തളിർപ്പ്, അതായത് അവർക്ക് സ്വന്തരാജ്യം ലഭിക്കുന്നതും അത് ശക്തിയോടെ വളരുന്നതും കർത്താവിന്റെ മടങ്ങിവരവിന്റെ ഒരു സന്ദേശം തന്നെയാണ്. അപ്പോസ്തലനായ പൗലോസിന്റെ ചോദ്യം ഇവിടെ പ്രസക്തമാണ്: 'യഹൂദന്റെ ഭ്രംശം ലോകത്തിന്റെ നിരപ്പിന് ഹേതുവായി എങ്കിൽ അവരുടെ അംഗീകരണം മരിച്ചവരുടെ ഉയിർപ്പെന്നല്ലാതെ എന്താകും?' (റോമർ 11:15). മരിച്ചവരുടെ ഉയിർപ്പ് കർത്താവിന്റെ മടങ്ങിവരവിൽ ആണല്ലോ സംഭവിക്കുന്നത്. യഹൂദനെ വീണ്ടും ഒരു രാജ്യമായി യഥാസ്ഥാനപ്പെടുത്തുവാൻ ദൈവം ആരംഭിച്ചത് കർത്താവിന്റെ വരവിന്റെ മുന്നോടിയായ സംഭവമാണ്.

'ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല' എന്ന് കർത്താവ് അടിവരയിട്ട് പറയുന്നത് അവിടത്തെ വചനങ്ങളുടെ ആധികാരികത ഉറപ്പിക്കുന്നതാണ്. മാറ്റമില്ലാത്തവൻ അരുളിച്ചെയ്യുന്ന വചനങ്ങൾക്കും മാറ്റം ഉണ്ടാവുകയില്ല. ആ വചനങ്ങൾ പൂർണ്ണമായും വിശ്വസിക്കാൻ യോഗ്യമാണ്. കർത്താവിന്റെ വചനങ്ങൾ പൂർണ്ണമായും വിശ്വസിക്കുമ്പോഴാണ് ആത്മീകജീവിതം അർത്ഥവത്താകുന്നത്. ഇപ്പോഴത്തെ ആകാശവും ഭൂമിയും ഒഴിഞ്ഞു പോകേണ്ടതാണ്. പുതിയ ആകാശവും പുതിയ ഭൂമിയും ആണ് ദൈവത്തിന്റെ പദ്ധതിയിൽ ഉള്ളത് (വെളിപ്പാട് 21:1). ഇതെല്ലാം മാറുവാൻ ഉള്ളതാണന്നൊണ് പ്രപഞ്ചത്തിൽ ഉണ്ടാകുന്ന എല്ലാ മാറ്റങ്ങളും നൽകുന്ന സൂചന. ദൈവത്തിന്റെ വചനം മാറ്റമില്ലാത്തതാണ്. വചനം നിറവേറിക്കൊണ്ടേയിരിക്കും. ദൈവം തയ്യാറാക്കിയിരിക്കുന്ന അവിടുത്തെ പദ്ധതികൾ എല്ലാം പൂർത്തീകരിക്കപ്പെടും.

കർത്താവ് അടിവരയിട്ട് ഉറപ്പിച്ചു പറയുന്നത്, അവിടുത്തെ മടങ്ങിവരവിനെക്കുറിച്ചാണ്. എന്നാൽ കർത്താവിന്റെ മടങ്ങിവരവിന്റെ നാളും നാഴികയും രഹസ്യമായി സൂക്ഷിച്ചിരിക്കുന്നു. 'ആ നാളും നാഴികയും സംബന്ധിച്ചോ, എന്റെ പിതാവ് മാത്രമല്ലാതെ ആരും, സ്വർഗ്ഗത്തിലെ ദൂതന്മാരും, പുത്രനും കൂടെ അറിയുന്നില്ല' എന്ന് കർത്താവ് വ്യക്തമായി അരുളിച്ചെയ്യുന്നു. യേശു മടങ്ങിവരും എന്ന് സ്വർഗ്ഗത്തിലെ ദൂതന്മാർക്ക് അറിയാം, പിശാചിനും അറിയാം. ദൈവവചനം വിശ്വസിക്കുന്നവർക്ക് എല്ലാം അതറിയാം. ശേഷം മനുഷ്യർ അത് ക്രൈസ്തവരുടെ വിശ്വാസം മാത്രം എന്ന നിലയിൽ ആയിരിക്കും പരിഗണിക്കുക. ഇതിന്റെ അർത്ഥം യേശുവിന്റെ മടങ്ങിവരവ് പരസ്യമായ ഒരു യാഥാർത്ഥ്യമാണെന്നതാണ്. ഞാൻ അറിഞ്ഞിരുന്നില്ല എന്ന് ആർക്കും പറയുവാൻ കഴിയില്ല.

'നാളും നാഴികയും' പിതാവായ ദൈവത്തിനു മാത്രമേ അറിയൂ. പുത്രനും കൂടെ അത് അറിയുന്നില്ല എന്നത് നാളും നാഴികയും പിതാവ് തന്റെ സ്വന്തം അധികാരത്തിലും നിർണ്ണയത്തിലും

സൂക്ഷിക്കുന്ന പരമരഹസ്യം എന്ന് വ്യക്തമാക്കുന്നു. ഈ രഹസ്യം ദൈവം ആർക്കും വെളിപ്പെടുത്തുന്നതുമില്ല. യേശുക്രിസ്തുവിന്റെ വരവിന്റെ സമയം, കണക്കുകൂട്ടി കണ്ടെത്തുവാനോ, അതേക്കുറിച്ച് വെളിപ്പാട് ലഭിക്കുവാനോ സാധ്യമല്ല. പ്രത്യുത, സമയം കണ്ടെത്തുവാനുള്ള ശ്രമങ്ങൾ എല്ലാം ദൈവത്തോടുള്ള മത്സരം തന്നെയാണ്. കർത്താവ് ഇന്ന ദിവസം വരും എന്നൊക്കെയുള്ള പ്രവചനങ്ങൾ എല്ലാം കള്ളപ്രവചനങ്ങൾ ആണ്. ഇത് വിശ്വാസികൾ ഗ്രഹിച്ച് സൂക്ഷ്മതയുള്ളവർ ആയിരിക്കണം.

യേശുകർത്താവ് എല്ലാ കാര്യത്തിലും നമുക്ക് മാതൃകയാണ്. നമുക്കായി ജഡാവതാരം എടുത്ത് പൂർണ്ണ മനുഷ്യനായി ജീവിച്ച അവിടുന്ന് മനുഷ്യത്വത്തിൽ തനിക്കുള്ള പരിമിതികളിൽ പിതാവിനോട് അനുസരണം ഉള്ള പുത്രനായി ജീവിച്ചു. എല്ലാം പിതാവ് കൽപ്പിച്ചതുപോലെ പിതാവിന്റെ ഹിതപ്രകാരമുള്ള സമയത്ത് (നാഴികയിൽ) പ്രവർത്തിച്ചു. ഒരിടത്തും സ്വയമായി സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തില്ല. അതുതന്നെയാണല്ലോ പൂർണ്ണമായ അനുസരണവും. നമുക്കുണ്ടാകുന്നതുപോലെയുള്ള ജിജ്ഞാസയോ എടുത്തുചാട്ടമോ ഒന്നും യേശുകർത്താവിൽ നമുക്ക് കാണുവാൻ കഴിയുകയില്ല. പിതാവിലുള്ള പൂർണ്ണ ആശ്രയവും വിശ്വാസവുമാണ് യേശുവിൽ നാം കാണുന്നത്. തന്റെ മടങ്ങിവരവിനുള്ള നാളും നാഴികയും പിതാവ് തീരുമാനിച്ചിട്ടുണ്ട് എന്നതിൽ അവിടുന്ന് പൂർണ്ണ സംതൃപ്തനാണ്. ഇന്ന് അവിടുന്ന് പിതാവിന്റെ വലതുഭാഗത്തിരുന്നുകൊണ്ട് നമുക്കായി മധ്യസ്ഥത ചെയ്യുന്നു. സമയമാകുമ്പോൾ പിതാവ് പുത്രനോട് കൽപ്പിക്കുകയും പുത്രൻ മടങ്ങി വരികയും ചെയ്യും. ഈ മാതൃകയാണ് നാമും പിന്തുടരേണ്ടത്.

നമ്മുടെ കർത്താവ് പറയുന്നത് ഒരുങ്ങിയിരിക്കുക എന്നാണ്. നാം അതിലാണ് ശ്രദ്ധിക്കേണ്ടത്. കർത്താവ് അവിടുത്തെ സമയത്ത് കൃത്യമായി മടങ്ങി വരും. നമ്മുടെ ജീവകാലത്ത് കർത്താവിന്റെ മടങ്ങിവരവ് സംഭവിച്ചില്ല എങ്കിൽ മരണം എന്നത് നമുക്ക് ഒരു യാഥാർത്ഥ്യമായിരിക്കും. ക്രിസ്തുവിന്റെ വരവിനായി ഒരുങ്ങി ഇരിക്കുന്നവർക്ക് മരണം ഒരു പ്രശ്നമല്ല. ക്രിസ്തു മടങ്ങി വരുമ്പോൾ 'മരിച്ചവർ ഉയിർത്തെഴുന്നേറ്റ് കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും' (1 തെസലോനിക്കർ 4:16). ഈ പ്രത്യാശയോടെ നാം കർത്താവിനായി കാത്തിരിക്കണം എന്നാണ് നമ്മെക്കുറിച്ചുള്ള ദൈവഹിതം. അതിനായി ദൈവം നമ്മെ ശക്തീകരിച്ച് സഹായിക്കട്ടെ.

●

## കാലത്തിന്റെ ചുവരെഴുത്തുകൾ

യുദ്ധങ്ങൾ, പ്രകൃതിദുരന്തങ്ങൾ, അനീതിയും ക്രൂരതയും... ശാസ്ത്രം ഉയരങ്ങളിലെത്തിയെങ്കിലും ഹൃദയം ശൂന്യമായി പോകുന്നു. സമൃദ്ധി വളരുമ്പോഴും സമാധാനം ക്ഷയിക്കുന്നു. അറിവ് വർധിക്കുമ്പോഴും സത്യം മങ്ങുന്നു. ഈ പശ്ചാത്തലത്തിൽ, **'ഞാൻ വീണ്ടും വരും'** എന്നുപറഞ്ഞ യേശുവിന്റെ വാക്കുകൾ ഒരു സങ്കൽപ്പമല്ല; ലോകം കലങ്ങിയാലും, കാലം അസ്ഥിരമായാലും, ആ വാഗ്ദാനം അചഞ്ചലം, ആകാശം ഇരുണ്ടാലും പ്രഭാതത്തിന്റെ ഉറപ്പ് നഷ്ടമാകുന്നില്ലെന്നതുപോലെ... ഇന്നത്തെ ലോകസംഭവങ്ങൾ, വെറും വാർത്തകളല്ല, അവ ആത്മാവിനെ ഉണർത്തുന്ന അടയാളങ്ങളാണ്. മനുഷ്യന്റെ സമാധാനം നഷ്ടപ്പെടുന്നുവെങ്കിലും, ദൈവരാജ്യത്തിന്റെ ആഗമനമായി എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. നാശത്തിന്റെ ഇടയിൽപ്പോലും പുതുയുഗത്തിന്റെ വിത്തുകൾ മുളച്ചുയരുന്നുണ്ടെന്ന് വിശ്വാസക്കണ്ണുകൾ കാണുന്നു. ക്രിസ്തുവിന്റെ വരവ് ഭയപ്പെടുത്തേണ്ട ഒരു സംഭവം അല്ല, പ്രത്യുത, തയ്യാറാകേണ്ട ഒരു യാഥാർത്ഥ്യം ആകുന്നു. ഒരുങ്ങിയിരിക്കുന്നുവോ എന്ന ചോദ്യമാണ് ആത്മാവിന്റെ ആഴങ്ങളിൽ മുഴങ്ങേണ്ടത്. നമ്മുടെ ജീവിതം, തിരഞ്ഞെടുപ്പുകൾ, സ്നേഹം എല്ലാം ആ വരവിനായി സജ്ജമാണോ? ലോകം അസ്ഥിരതയിൽ വിറയ്ക്കുമ്പോൾ വിശ്വാസി നിലകൊള്ളേണ്ടത് ജീവനുള്ള പ്രത്യാശയിലാണ് .

**ഒരുദിവസം അറിയിപ്പില്ലാതെ, പ്രതീക്ഷിക്കാത്ത നിമിഷത്തിൽ,**
**സ്വർഗ്ഗം തുറക്കും, കാലം നിശ്ചലമാകും,**
**രാജാധിരാജൻ മഹത്വത്തിൽ പ്രത്യക്ഷനാകും.**
**നാം അവനെ എതിരേൽക്കാൻ തയ്യാറായിരിക്കുന്നുവോ...?**

'യോഗ്യരായവരെ' വിളിക്കുകയാണ് പതിവ് (we call the qualified). ദൈവം അങ്ങനെ ചിന്തിച്ചിരുന്നെങ്കിൽ ലോകത്തിലൊരാൾക്കും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കഴിയുമായിരുന്നില്ല. അതിനാൽ ദൈവം ചെയ്യുന്നത് എന്തെന്നോ? അവൻ വിളിച്ചവരെ യോഗ്യരാക്കി തന്റെ രാജ്യത്തിലേക്കു പ്രവേശിപ്പിക്കുന്നു (God is not calling the qualified; rather, He is qualifying the called!). ദൈവം യോഗ്യത നോക്കാതെ വിളിക്കുന്നു- ദുഷ്ടന്മാരെയും നല്ലവരെയും! (മത്തായി 22:10). ദുഷ്ടന്മാരെ അവിടുന്ന് ശുദ്ധീകരിച്ച് യോഗ്യരാക്കുന്നു എന്നു പറഞ്ഞാൽ നമുക്ക് മനസ്സിലാക്കാം. എന്നാൽ നല്ലവരെ ദൈവം എന്തുചെയ്യും?

നല്ലവരെയും തനിക്ക് ശുദ്ധീകരിച്ചേ പറ്റൂ... കാരണം മനുഷ്യന്റെ നന്മ ദൈവത്തിന്റെ മുമ്പിൽ ഒരു യോഗ്യതയേയല്ല. "ഞങ്ങളുടെ നീതിപ്രവൃത്തികൾ ഒക്കെയും കറപുരണ്ട തുണിപോലെ..." (യെശയ്യാവ് 64:6). "മനുഷ്യരുടെ ഇടയിൽ ഉന്നതമായത് ദൈവത്തിന്റെ മുമ്പാകെ അറപ്പാകുന്നു" (ലൂക്കൊസ് 16:15). ഏതു കള്ളനും ദുഷ്ടനും, നല്ലവനും, വ്യഭിചാരിക്കും കല്യാണശാലയുടെ വാതിൽക്കൽ വരെ വരാം. എന്നാൽ അവൻ ആയിരിക്കുന്ന നിലയിൽ അകത്തേക്കു കടക്കാൻ കഴിയില്ല. 'വിരുന്നുകാരെ നോക്കുവാൻ രാജാവ് അകത്തുവന്നപ്പോൾ കല്യാണവസ്ത്രം ധരിക്കാത്ത ഒരു മനുഷ്യനെ അവിടെ കണ്ടു. സ്നേഹിതാ, നീ കല്യാണവസ്ത്രം ഇല്ലാതെ ഇവിടെ അകത്തുവന്നത് എങ്ങനെ എന്നുചോദിച്ചു" (മത്തായി 22:11,12).

'കല്യാണവസ്ത്രം' അതാണ് വിരുന്നുശാലയ്ക്കുള്ളിലേക്കു കടക്കാനുള്ള യോഗ്യത. വിരുന്നുശാല വരെ നിങ്ങൾക്കു നിങ്ങളുടെ മുഷിഞ്ഞുകീറി, നാറിയ വസ്ത്രവുമായി വരാം. എന്നാൽ വാതിൽക്കൽ നിങ്ങൾക്കായി യേശുക്രിസ്തു നിങ്ങളോട് കൃപ തോന്നിയിട്ട് കാൽവറി ക്രൂശിൽ തന്റെ മരണത്താൽ നേടിയെടുത്ത നീതിയുടെ -തേജസ്സിന്റെ വസ്ത്രം നിങ്ങളെ ധരിപ്പിക്കുന്നു. "നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രെ" (1 പത്രൊസ് 1: 18,19).

കല്യാണവസ്ത്രം ധരിക്കാതെ ആർക്കും ഉള്ളിൽ കടക്കാനാവില്ല എന്നു വ്യക്തം. ദൈവം ശോധന ചെയ്തപ്പോൾ പിന്നെ എങ്ങനെ കല്യാണ വസ്ത്രമില്ലാതെ ഒരാൾ ദൈവരാജ്യത്തിന്റെ ഉള്ളിലെത്തി? അറിയില്ല! ഈ ഒരു ചോദ്യം ഒരുപക്ഷെ വസ്ത്രമില്ലാത്ത വ്യക്തിപോലും പ്രതീക്ഷിച്ചുകാണില്ല. "അവനു വാക്കുമുട്ടിപ്പോയി" (മത്തായി 22: 13) എന്നാണ് അവിടെ എഴുതിയിരിക്കുന്നത്.

എന്റെ ഭാവന അതിരുകടക്കുന്നെങ്കിൽ ദയവായി ക്ഷമിക്കുക! കല്യാണവസ്ത്രം ധരിച്ചുതന്നെയാവണം അയാൾ അകത്തുകടന്നത്. എന്നാൽ ഉള്ളിൽ കയറുമ്പോൾ പുറത്ത് ഊരിക്കളയേണ്ട നാറുന്ന പാപയങ്കി ഒരുപക്ഷെ അയാൾ ഒളിച്ചുകടത്തിയിരുന്നിരിക്കണം. അകത്തുകടന്നപ്പോൾ അയാൾക്ക് ദൈവനീതിയുടെ വസ്ത്രത്തിനുള്ളിൽ 'ശ്വാസംമുട്ടൽ' അനുഭവപ്പെട്ടിരുന്നിരിക്കണം. അവൻ പുറമേ 'കല്യാണവസ്ത്രം' അണിഞ്ഞെങ്കിലും അവന്റെയുള്ളിൽ പാപത്തിന്റെ മോഹവസ്ത്രം, അവൻ ഇറുക്കിയുടുത്തിരുന്നു. പാപത്തിൽ രസിച്ചു, മദിച്ചു കിടന്നവൻ പാപത്തിന്റെ മോഹം മുഴുത്തിട്ട് കർത്താവ് ഉടുപ്പിച്ച നീതിയുടെ വസ്ത്രം ഉരിഞ്ഞെറിഞ്ഞ് തന്റെ പഴയപാപത്തിന്റെ കുപ്പായം വലിച്ചു ദേഹത്തിട്ടു കാണണം.

പല പാർട്ടിയുടെ നേതാക്കന്മാർ ഒരിക്കൽ പ്രസിഡന്റിനെ കാണാൻപോയ ഒരു കഥയുണ്ട്. ഹോട്ടലിൽ ഒത്തുകൂടിയപ്പോൾ അവിടെ അസഹനീയമായ ദുർഗന്ധം... ഉറവിടം തേടിയെത്തിയപ്പോൾ അവർ അറിഞ്ഞു; ഒരു പാർട്ടിനേതാവ് ഒരു മാസത്തിലേറെയായി ഒരേ സോക്സാണ് ഉപയോഗിക്കുന്നത്. ആ സോക്സാണ് ദുർഗന്ധവാഹിനി. കൂട്ടത്തിലൊരാൾ ഒരു പുത്തൻ സോക്സ് നേതാവിനു ദാനം നൽകി, ഹോട്ടൽ മുറിയിൽചെന്ന് സോക്സ്മാറ്റി വരാൻ ആവശ്യപ്പെട്ടു. നേതാവ് പോയി മടങ്ങിയെത്തി. എന്നാൽ ദുർഗന്ധം ശമിച്ചിട്ടില്ല, കൂടിയിട്ടേയുള്ളൂ. 'നിങ്ങൾ പുതിയ സോക്സ് ധരിച്ചില്ലെ?' കൂട്ടുകാർ അയാളോടു ചേദിച്ചു... "മാറി... നോക്കൂ പുതിയ സോക്സ്" അയാൾ കാലുയർത്തി കൂട്ടുകാരെ കാണിച്ചു. കാലിൽ പുതിയ സോക്സ്. "പിന്നെയെന്താണു ദുർഗന്ധം മാറാത്തത്?" കൂട്ടുകാർ ചോദിച്ചു. "ക്ഷമിക്കണം, പാർട്ടിനേതാവ് പറഞ്ഞു, ആ പഴയസോക്സ് എനിക്കു നല്ല സുഖമായിരുന്നു... അതു ഞാൻ കളഞ്ഞിട്ടില്ല.. അത് എന്റെ പോക്കറ്റിൽ ഞാൻ സൂക്ഷിച്ചിട്ടുണ്ട്".

പ്രിയമുള്ളവരെ, ഇതൊരു സാധ്യതയല്ലെ?

കൃപയാൽ പാപമോചനം പ്രാപിച്ച് സഭയിൽ കടന്നുകൂടിയ പലരും പഴയ പാപയങ്കി സഭയ്ക്കുള്ളിലേയ്ക്ക് ഒളിച്ചു കടത്തിയിട്ടില്ലെ? "ദൈവം കൃപാലു" എന്നു പറഞ്ഞ് പിന്നീട് പാപത്തിന്റെ നാറുന്ന വസ്ത്രം വീണ്ടും ധരിക്കുന്നുവെന്നത് ഒരു പൊള്ളുന്ന യാഥാർത്ഥ്യമല്ലെ? "സഭയ്ക്കുള്ളിൽ കടന്നുകൂടിയാൽ പിന്നെ എന്തുചെയ്താലും കുഴപ്പമില്ല" എന്ന പഠിപ്പിക്കൽ സഭയിലെ പാപികളുടെ കയ്യടിവാങ്ങാൻ കൊള്ളാം... എന്നാൽ യാഥാർത്ഥ്യം അതല്ല.

ടാൻസാനിയയിൽ ഡാർ-എസ്-സലാം എയർപോർട്ടിൽ ഡിപ്പാർച്ചർ ഗെയ്റ്റിൽക്കൂടെ ഉള്ളിൽ കടക്കുമ്പോൾ തന്നെ വാച്ചും ബൽറ്റും ഷൂസും ഉൾപ്പെടെ സകലവും ഊരി സെക്യൂരിറ്റി ചെക്കിംഗിലൂടെ കടന്നുപോകണം. പിന്നീടാണ് check in, എമിഗ്രേഷൻ എന്നീ നടപടിക്രമങ്ങൾ. അതുകഴിഞ്ഞ് പിന്നെയും മറ്റൊരു സെക്യൂരിറ്റി ചെക്ക്... അവിടെയും ബൽറ്റും വാച്ചും ഷൂസും എല്ലാം ഊരിവയ്ക്കണം.

ചിലരുടെ ചിന്ത വല്ലവിധേനയും സഭയുടെ ഉള്ളിൽ നൂണുകടന്നാൽ പിന്നെ യാതൊരു ചെക്കിംഗും ഇല്ല എന്നാണ്. "യേശുക്രിസ്തു എന്റെ സകലപാപങ്ങളുടെയും കടം കൊടുത്തുവീട്ടി- ടെറ്റലസ്റ്റായി! എന്റെ കഴിഞ്ഞകാല പാപങ്ങളുടെയും ഇന്നത്തെ പാപങ്ങളുടെയും ഞാൻ ചെയ്യാൻപോകുന്ന പാപങ്ങളുടെയും കടംകൊടുത്തുവീട്ടിയിരിക്കുന്നു... ഇനി ഞാൻ സുരക്ഷിതൻ... പാപംചെയ്തോളൂ കുഴപ്പമില്ല...സെക്യൂരിറ്റി ചെക്ക് വാതിൽക്കൽ വെച്ചുതന്നെ കഴിഞ്ഞു. ഇനി പരിശോധനയില്ല. നേരെ 'സ്വർഗ്ഗയാൻ' വിമാനത്തിലേക്ക് എന്നാണ് ഈ കൂട്ടർ പറയുന്നത്.

ശരിയാണോ ഇത്? ഒരിക്കലുമല്ല. കല്യാണവസ്ത്രം ധരിച്ചാൽ പോരാ, ദൈവരാജ്യത്തിൽ ജീവിക്കാനും ആ നീതിയുടെ വസ്ത്രം നമുക്കുവേണം. പാപിയായിരുന്നപ്പോൾ കർത്താവ് കരുണയാൽ എന്റെ പാപം ക്ഷമിച്ച് അവിടുത്തെ നീതിയുടെ വസ്ത്രം ധരിപ്പിച്ചു... എന്നിട്ടു പറയുന്നത്, "നീ ചെയ്ത പാപത്തെയും ചെയ്യുന്ന പാപത്തെയും ചെയ്യാൻ പോകുന്ന പാപത്തെയും ക്ഷമിച്ചുതന്നിരിക്കുന്നു... അതിനാൽ കൂടുതൽ പാപം ചെയ്ത് കൂടുതൽ കൃപ പ്രാപിച്ചുകൊള്ളൂ" എന്നല്ല... "അധികം തിന്മയായതു ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുത്" (യോഹ. 5:14; 8:11) എന്നാണ്.

"കൃപയുടെ സുവിശേഷകർ" എന്നു സ്വയം വിളിക്കുന്ന വഞ്ചകർ മനഃപ്പൂർവം മറച്ചുവയ്ക്കുന്ന ഒരു യാഥാർത്ഥ്യമുണ്ട്. കൃപ പാപിയിലും, വിശ്വാസിയിലും പ്രവർത്തിക്കുന്നത് രണ്ടു രീതിയിലാണെന്നതാണത്... ഞാൻ പാപിയായിരുന്നപ്പോൾ കൃപ കരുണയായി എന്നിലേക്കിറങ്ങിവന്ന് എന്റെ പാപം മോചിച്ചു... എന്നാൽ ഇന്ന് എന്നിൽ കൃപ വ്യാപരിക്കുന്നത് പാപം ചെയ്യാതിരിക്കാനുള്ള ശക്തിയായാണ്. എന്നും പാപം ചെയ്യുകയും എന്നും ക്ഷമ ചോദിച്ചുവാങ്ങുകയും ചെയ്യാൻ തക്കവണ്ണം നാം പാപത്തിന്റെ ഇരകളോ? ഒരിക്കലുമല്ല... കർത്താവു നമുക്ക് പാപത്തിന്റെമേൽ വിജയം വാഗ്ദാനം ചെയ്തിരിക്കുന്നു.

'നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രെ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ" (റോമർ 6:14). "നിങ്ങൾ ന്യായപ്രമാണത്തിന് അധീനരല്ല കൃപയ്ക്കാണ് അധീനർ എന്നു പറയുന്നത് പാപംചെയ്യാനുള്ള ലൈസൻസ് ആണോ? ഒരുനാളും അരുത്" (റോമർ 6:15). കൃപയ്ക്ക് അധീനരാകയാൽ ന്യായപ്രമാണം തെറ്റിച്ചാലും കുഴപ്പമില്ല; കൃപവന്ന് പാപമെല്ലാം ക്ഷമിച്ചോളും എന്നല്ല ഇവിടെ അർത്ഥം. ന്യായപ്രമാണം ആവശ്യപ്പെടുന്ന വിശുദ്ധി നേരത്തെ എനിക്ക് അപ്രാപ്യമായിരുന്നു. എന്നാലിപ്പോൾ ഞാൻ കൃപയ്ക്ക് അധീനനാകയാൽ, കൃപ ന്യായപ്രമാണം അനുസരിക്കാനുള്ള ശക്തിയായി എന്നിലേക്കൊഴുകുന്നു എന്നാണർത്ഥം.

നിങ്ങൾ പാപത്തിലേക്കു വീഴുമ്പോൾ കൃപയിൽനിന്നു വീഴുകയല്ല (മെത്തപ്പുറത്തേക്കു വീഴുന്നതുപോലെ) കൃപയിലേക്കു വീഴുന്നു എന്നു പറയുന്നത് പരമ അബദ്ധം. ദൈവരാജ്യത്തിൽ നൂണുകടക്കുന്ന ദുർമ്മോഹി നീതിയുടെ വസ്ത്രം ഉരിഞ്ഞുകളഞ്ഞ് പാപത്തിന്റെ നാറുന്ന വസ്ത്രം ധരിച്ചപ്പോൾ കർത്താവ് എന്തുപറയുന്നു? 'ഇവനെ കയ്യും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളയുവിൻ' കല്യാണവസ്ത്രത്തെ ഉരിഞ്ഞുകളഞ്ഞവൻ- പാപത്തിലേക്കു ചാടുന്നവൻ- കൃപയുടെ മെത്തപ്പുറത്തേക്കല്ല, 'ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്കാണു വീഴുന്നത്' ഒരിക്കൽ കൃപ എന്റെ പാപം ക്ഷമിച്ചുതന്നു. ഇന്നും ഞാൻ കൃപയ്ക്ക് അധീനൻ. എന്നിൽ കൃപ വ്യാപരിക്കുന്നതുകൊണ്ട് ഇന്നെനിക്ക് ന്യായപ്രമാണത്തെ പേടിയില്ല; കാരണം, യേശുക്രിസ്തുവിന്റെ കൃപ ന്യായപ്രമാണത്തെ അനുസരിക്കാൻ എനിക്കു ശക്തിപകരുന്നു. ഹല്ലേലുയ്യാ!

# യുദ്ധം നേട്ടമോ, കോട്ടമോ?

**അ**മേരിക്കയും ഇസ്രയേലും ഒരുപക്ഷത്തും ഇറാൻ മുറുപക്ഷത്തും ആയിത്തുടങ്ങിയ യുദ്ധം വേഗം പര്യവസാനിക്കും എന്ന് പ്രതീക്ഷിച്ചെങ്കിലും പലരെയും അമ്പരിപ്പിച്ചു കൊണ്ട് നീണ്ടുപോകുന്നത് ആശാങ്കാജനകമാണ്. മനുഷ്യചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ, ഒരു ചോദ്യം ഉയർന്നുവരുന്നു. യുദ്ധം മനുഷ്യരാശിക്ക് നേട്ടമാണോ, അതോ കോട്ടമാണോ സമ്മാനിക്കുന്നത്? ഈ ചോദ്യത്തിന് ചരിത്രം നൽകുന്ന മറുപടി വ്യക്തമാണ്. യുദ്ധം ഒരിക്കലും നേട്ടമല്ല; അത് മനുഷ്യരാശിക്ക് ആഴത്തിലുള്ള കോട്ടമാണ്.

യുദ്ധത്തെ ചിലർ പുരോഗതിയുടെ വഴികാട്ടിയായി ചിത്രീകരിക്കാൻ ശ്രമിക്കുന്നു. യുദ്ധങ്ങൾക്കുശേഷം രാഷ്ട്രീയ മാറ്റങ്ങളും സംഭവിച്ചിട്ടുണ്ടെന്നത് നിഷേധിക്കാനാവില്ല. എന്നാൽ ആ നേട്ടങ്ങൾ നേടിയതിനു കൊടുക്കേണ്ടി വന്ന വിലയെന്ത് എന്നത് നമുക്ക് മറക്കാനാകില്ല. ഓരോ പുതിയ ആവിഷ്ക്കരണത്തിനും പിന്നിൽ അനവധി മരണങ്ങൾ, അംഗ വൈകല്യങ്ങൾ, തകർന്ന കുടുംബങ്ങൾ, നശിച്ച നഗരങ്ങൾ, ഇവയുടെ കദനകഥകളാണ് തെളിഞ്ഞു വരുന്നത്.

യുദ്ധം ആരംഭിക്കുന്ന നിമിഷം മുതൽ നഷ്ടങ്ങളുടെ കണക്ക് തുടങ്ങുന്നു. യുദ്ധഭൂമിയിൽ വീഴുന്നത് സൈനികരുടെ ചേതനയറ്റതും മുറിവേറ്റതുമായ ശരീരങ്ങൾ മാത്രമല്ല; അവരോടൊപ്പം അനവധി കുടുംബങ്ങളും നിരപരാധികളനേകരും തകർന്നു വീഴുന്നു. ഭാര്യയുടെ പ്രതീക്ഷ, മക്കളുടെ ഭാവി ഇവയെല്ലാം യുദ്ധത്തിന്റെ തീയിൽ കരിഞ്ഞുപോകുന്നു. കണക്കുകൾ രേഖപ്പെടുത്തുന്നത് മരണസംഖ്യകളായിരിക്കും. പക്ഷേ യഥാർത്ഥത്തിൽ മരിക്കുന്നത് മനുഷ്യബന്ധങ്ങളും മനുഷ്യത്വത്തിന്റെ സ്നേഹസ്പന്ദനവുമാണ്. വിജയികൾ നേടുന്നത് ഭൂമിയോ അധികാരമോ ആയിരിക്കാം. എന്നാൽ നഷ്ടപ്പെടുന്നത് മന:ശാന്തിയും മനുഷ്യബന്ധങ്ങളും തന്നെയാണ്. ഒരു രാജ്യത്തിന്റെ വിജയം മറ്റൊരിടത്ത് വേദനയുടെയും മാരകരോഗങ്ങളുടെയും കാരണമാകുമ്പോൾ, ആ വിജയത്തെ യഥാർത്ഥ വിജയം എന്ന് വിളിക്കാമോ?

ചില സാഹചര്യങ്ങളിൽ യുദ്ധം അനീതികൾക്ക് വിരാമമിട്ടുവെന്ന വാദവും ഉയരാറുണ്ട്. എന്നാൽ അതിനുള്ള വില വളരെ ഭീകരമാണ്. ആയിരക്കണക്കിന് ജീവനുകൾ നഷ്ടപ്പെടുകയും, സമൂഹങ്ങൾ തകർന്നടിയുകയും, മനുഷ്യന്റെ ഉള്ളിൽ വൈരവും പ്രതികാരവും വേരൂന്നുകയും ചെയ്യുന്നു. സമാധാനപരമായ മാർഗ്ഗങ്ങൾ വഴി പരിഹരിക്കുന്നതിനെ, യുദ്ധനേട്ടങ്ങളോട് തുലനം ചെയ്യുക പോലും അസാധ്യം.

ഇന്ന് ലോകത്ത് യുദ്ധഭീഷണി കൂടുതൽ ഗൗരവതരമാണ്. ആണവായുധങ്ങളും, മാരകപ്രഹര ശേഷിയുള്ള രോഗാണുക്കളടങ്ങിയ ജൈവായുധങ്ങളും, രാസായുധങ്ങളും മനുഷ്യരാശിയെ ഇല്ലാതാക്കാൻ ശേഷിയുള്ളവയാണ്. അതിനാൽ, യുദ്ധത്തിന്റെ ആഘാതം ഇനി ഒരു രാജ്യത്തിന്റെയും അതിർത്തികളിൽ ഒതുങ്ങുന്നതല്ല; അത് മുഴുലോകത്തെയും ബാധിക്കുന്നതാണ്. യുദ്ധം മനുഷ്യനെ ഉയർത്തുന്നില്ല; അത് മനുഷ്യനെ തകർക്കുന്നു. യുദ്ധം താൽക്കാലിക വിജയങ്ങൾ നൽകുമെങ്കിലും അത് മനുഷ്യരാശിയെ പിന്നോട്ടാണ് തള്ളുന്നത്. സമാധാനമാർഗ്ഗമാണ് എല്ലാ തലങ്ങളിലും യഥാർത്ഥ നേട്ടം കൈവരിക്കുന്നത്. ബന്ധങ്ങളെ ശക്തിപ്പെടുത്തുന്ന, ഭാവിയെ സുരക്ഷിതമാക്കുന്ന, മനുഷ്യനെ മാനവികതയിലേക്ക് നയിക്കുന്ന സമാധാനം! അതിനാൽ, യുദ്ധം നേട്ടമെന്ന ആശയം ഒരു തെറ്റിദ്ധാരണയാണ്.

യുദ്ധം മനുഷ്യരാശിക്ക് അളവറ്റ കോട്ടമാണെന്നതാണ് യാഥാർത്ഥ്യം. സമാധാനം മാത്രമാണ് ലോകത്തെ പുരോഗതിയിൽ വളരുവാൻ പര്യാപ്തമാകുന്നത്.

# നാഥന്റെ പുനരാഗമനമരികിലായി!

അവസാനനാളുകളിൽ 'അവന്റെ പ്രത്യാഗമനത്തെക്കുറിച്ചുള്ള വാഗ്ദാനം എവിടെ എന്ന് ചോദിക്കുന്ന പരിഹാസികൾ എഴുന്നേൽക്കുമെന്ന്' പത്രോസ് അപ്പൊസ്തലൻ തന്റെ രണ്ടാം ലേഖനത്തിൽ ഓർമ്മിപ്പിക്കുന്നു. വാഗ്ദത്തം ചെയ്യപ്പെട്ട മശിഹായുടെ മടങ്ങിവരവ് ക്രൈസ്തവ ചിന്താധാരയിലെ പ്രത്യാശയുടെ അധ്യായമാണ്. പുതിയനിയമത്തിൽ ഏകദേശം 318 പ്രാവശ്യം ഈ ജീവനുള്ള പ്രത്യാശയെക്കുറിച്ച് സൂചനകൾ നൽകുന്നു. ഒലിവുമല പ്രഭാഷണത്തിൽ (മത്തായി 24, 25) ക്രിസ്തു തന്നെ 'നിനയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് ഒരുങ്ങിയിരിപ്പിൻ' എന്നു ശിഷ്യന്മാരെ തെര്യപ്പെടുത്തുന്നു.

മധ്യ പൂർവേഷ്യയിൽ ഇസ്രായേലും ഇറാനും മറ്റു രാജ്യങ്ങളുമായി യുദ്ധങ്ങൾ മുറുകുമ്പോൾ; കർത്താവ് തന്നെ നമ്മെ ഓർമിപ്പിച്ച രണ്ടാം വരവിന്റെ അടയാളങ്ങൾ അവിടുത്തെ വരവ് അരികിലായി എന്ന് വ്യക്തമാക്കുന്നു. പ്രതീക്ഷിക്കാത്ത മണിക്കൂറിലാണ് അവിടുന്ന് വരികയെന്ന സത്യം കർത്താവ് ഓർമ്മപ്പെടുത്തുന്നത് നാം കണ്ടില്ലെന്ന് നടിക്കാൻ പാടില്ല! യെരുശലേം ദൈവാലയത്തിന്റെ മനോഹരമായ എടുപ്പുകൾ ശിഷ്യന്മാർ കർത്താവിനെ കാണിച്ചുകൊടുക്കാൻ വന്നപ്പോൾ 'കല്ലിന്മേൽ കല്ല് ശേഷിക്കാതെ ഇവയെല്ലാം തകർക്കപ്പെടും എന്ന്' ക്രിസ്തു അരുളിച്ചെയ്തത് എ. ഡി. എഴുപതിൽ റോമൻ ജനറൽ റ്റൈറ്റസിന്റെ യെരുശലേം ദൈവാലയ അക്രമണത്തിലൂടെയും അധീശത്വത്തിലൂടെയും നിറവേറി. അന്ന് 11 ലക്ഷം യഹൂദന്മാർ കൊല്ലപ്പെട്ടതായും ഏതാണ്ട് 20 ലക്ഷം ജൂതന്മാരെ അടിമകളായി പിടിച്ചുകൊണ്ടുപോയി എന്നും യഹൂദ ചരിത്രകാരനായ ജോസീഫസ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉവ്വ്, അന്ത്യകാല സംഭവങ്ങളെക്കുറിച്ചും കർത്താവിന്റെ പുനരാഗമനത്തെക്കുറിച്ചുമുള്ള വാഗ്ദാനങ്ങൾ ഒന്നൊന്നായി സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ 'എല്ലാറ്റിന്റെയും സമയം അടുത്തിരിക്കുന്നു. കള്ളൻ രാത്രിയിൽ വരും പോലെ കർത്താവിന്റെ നാൾ വരും, നിനയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരും' ( മത്തായി 24: 43,44) എന്ന തീഷ്ണമായ മുന്നറിയിപ്പ് ശരീരമായ സഭ സമ്പൂർണ്ണമായി ഗ്രഹിച്ച് കർത്താവിനെ എതിരേൽപ്പാൻ ജാഗരൂകരാകേണ്ടതുണ്ട്. അപ്പോ സ്തലിക വാക്യവും സഭ, നാഥനൊപ്പം വസിക്കുവാൻ സമയമായി എന്ന് ഉറപ്പിക്കുന്നു (റോമർ11:15, 1 തെസ്സലോനിക്കർ 4:16 -18).

-എംസി


SOUTH INDIAN Bank

RIGHTEOUS PATH PUBLICATION TRUST

Vpa Id:qr.nerveedhi@sib

BHIM UPI

Scan and Pay using any UPI App

**Bank Account Details:**

**Righteous Path Publication Trust**
**A/c No. 0315053000011215**
**IFS Code: SIBL 0000315**

SOUTH INDIAN Bank

**KANJIKUZHY - KOTTAYAM**

[redacted]

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

**നേർവീഥി**


നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ
പേരുവിവരം ഓഫീസിൽ
അറിയിക്കുമല്ലോ.
മാസിക യഥോചിതം
അയക്കുവാനും കണക്കുകൾ
കൃത്യമായി സൂക്ഷിക്കുവാനും
അത് സഹായകമാകും.

NERVEEDHI APRIL 2026
RNI No. KERMAL/2012/46138 . Date of Publishing 10.04.2026 . Annual Subscription Rs.350/-

## ആർ. പി പബ്ലിക്കേഷൻസിൽനിന്നും
## ചില ഉത്തമ ഗ്രന്ഥങ്ങൾ




വേദപുസ്തക ചരിത്രത്തിന്റെ പ്രാരംഭത്തിൽ
പരാമർശിക്കപ്പെട്ടിരിക്കുന്ന നാലു മഹതികളുടെ
ജീവിതം ആധുനിക വനിതകൾക്കുള്ള പാഠങ്ങളാക്കി
അവതരിപ്പിച്ചിരിക്കുകയാണ്

## ചതുർ മഹതികൾ

എന്ന ഈ ഗ്രന്ഥത്തിൽ.
ദൈവദാസന്മാരുടെ ഭാര്യമാർക്കുള്ള സന്ദേശങ്ങൾ,
ഒരു ഉത്തമ കുടുംബിനിയുടെ ഉത്തരവാദിത്തങ്ങൾ,
ഗർഭാവസ്ഥയിലായിരിക്കുന്ന കുഞ്ഞിനെ മുതൽ
പ്രായപൂർത്തിയായ മക്കളെ വരെ സൂക്ഷ്മതയോടെ
പരിപാലിക്കാനുള്ള നിർദ്ദേശങ്ങൾ, അദൃശ്യ
മണവാളനായൊരുങ്ങുന്ന ഉത്തമ മണവാട്ടിയുടെ
ശ്രദ്ധാപൂർവ്വമായ ഒരുക്കത്തിനു സഹായിക്കുന്ന
നിർദ്ദേശങ്ങൾ എല്ലാം ഇതിൽ വായിച്ചെടുക്കാം.
ആത്മിക ശുശ്രൂഷാജീവിതത്തിൽ അനുഭവ സമ്പത്തുള്ള
അനുഗ്രഹീത ദൈവദാസി എൽസി ജോയ് രചിച്ച
ഈ ഗ്രന്ഥം വെറും പഠനക്കുറിപ്പുകളോ
പ്രബോധനങ്ങളോ എന്ന നിലയിൽ പരിമിതപ്പെടുന്നില്ല.
ക്രിസ്തീയ ജീവിതത്തിൽ ഫലംകായ്ക്കുന്നവരായി
വളരുവാൻ ആഗ്രഹിക്കുന്ന ഏവർക്കും
ഈ ഗ്രന്ഥം അനുഗ്രഹമാകും.

ഇപ്പോൾ ലഭ്യമാണ്




ദൈവം കരുണാ സമ്പന്നനാണ്. ആരെക്കാളും അധികം നമ്മെ സ്നേഹിക്കുന്നവനാണ്. നാം ദൈവത്തെ സ്നേഹിക്കണം എന്ന് ദൈവം വളരെ ആഗ്രഹിക്കുന്നു. നാം ദൈവത്തിന്റെ സ്നേഹത്തോടു പ്രതികരിക്കുന്നതു ദൈവത്തെ സ്നേഹിച്ചുകൊണ്ടാണ്. നാം അപ്രകാരം ചെയ്യുമ്പോൾ നമ്മുടെ ജീവിതം എത്രമാത്രം ധന്യമായിത്തീരും എന്നറിയാമോ?

ചിന്താകുലങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കുവാൻ നിങ്ങൾ ചെയ്യേണ്ടത് ഒരു കപ്പൽ നങ്കൂരം ഇട്ട് ഉറപ്പിക്കുന്നതുപോലെ ഇളകി മറിയുന്ന നിങ്ങളുടെ മനസ്സിനെ ദൈവത്തിലുള്ള വിശ്വാസത്താൽ ഉറപ്പിക്കുക എന്നതാണ്.




ഇപ്പോൾ ലഭ്യമാണ്

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019

Ph:8589819293, 9495435336
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.